# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.g

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി 7 /829/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495237101

തീയതി –14.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**വേളം** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **വേളം** ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേകെ.എസ്.എ.കെ.കെ.ഡി.പി.10/749 /2020എന്നിവയിലെണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി7/829/2020 തിയ്യതി-14.09.2020

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയി ന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **വേളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ 21 .07.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. കരുണാകരൻ എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുകല സി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജാസിർ സി.എം | ഓഡിറ്റർ |
| | ശ്രീ.ശ്രീജിത് കെ.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.കെ അബ്ദുള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.മുഹമ്മദ് ഷഫീഖ് | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മനോജ് ടി.ആർ | 01.04.2018മുതൽ 21.06.2018 വരെ |
| | | ശ്രീ. മണി ടി | 22.06.2018 മുതൽ 17.10.2018 വരെ |
| | | ശ്രീ.ഭാസ്കരൻ | 17.10.2018 മുതൽ 31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ഷൈന പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഫൽഗുണൻ എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | ഡോ.അന്ന ഒ.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ. ടി.കെ മൊയ്തു | 01.04.2018 മുതൽ 31.05.2018 വരെ |
| | | ശ്രീ.കൃഷ്ണദാസൻ പി.കെ | 01.06.2018 മുതൽ 31.03.2019 വരെ |
| 6 | കൃഷി ഓഫീസർ | ശ്രീമതി.ഷംന | 01.04.2018 മുതൽ 17.05.2018 വരെ |
| | | ശ്രീമതി.സജീറ സി | 18.05.2018 മുതൽ 02.08.2018 വരെ |
| | | ശ്രീ.സായിറാം ഹരിദാസ് | 03.08.2018 മുതൽ 25.10.2018വരെ |
| | | ശ്രീ. ധന്യ ബാലഗോപാൽ | 26.10.2018 മുതൽ |

| | | | |
|---|---|---|---|
| | | | 19.02.2019 വരെ |
| | | ശ്രീ.ഷബാസ് ബിഗം കെ.കെ | 20.02.2019 മുതൽ 31.03.2019 വരെ |
| 7 | വി ഇ ഒ(വേളം സർക്കിൾ) | ശ്രീ.ഷൈജിത് ഇല്ലത്ത് | 01.04.2018 മുതൽ 31.12.2018 വരെ |
| | | ശ്രീ റഫീഖ് എൻ.കെ | 01.01.2019 മുതൽ 31.03.2019 വരെ |
| | വി ഇ ഒ(തീക്കുനി സർക്കിൾ) | ശ്രീ റഫീഖ് എൻ.കെ | 01.04.2018മുതൽ 31.03.2019വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മുഹമ്മദ് ഷഫീഖ് കെ.പി സെക്രട്ടറി(അധിക ചുമതല) | 01.04.2018 മുതൽ 04.07.2018 വരെ |
| | | ശ്രീമതി.ഷൈമ എ | 05.07.2018 മുതൽ 04.01.2019 വരെ |
| | | ശ്രീ. മുഹമ്മദ് ഷഫീഖ് കെ.പി സെക്രട്ടറി (അധിക ചുമതല) | 04.01.2019 മുതൽ 31.03.2019 വരെ |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിമല സി | 01.04.2018മുതൽ 31.03.2019 വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ/ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദ് നവാസ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | മെഡിക്കൽ ഓഫീസർ–പി.എച്ച്.സി/സി.എച്ച്.സി | ഡോ.കിടാവ് ദർശൻ നാരായൺ | 01.04.2018 മുതൽ 09.05.2018 വരെ |
| | | ഡോ.വിൻസി കുമാരി | 10.05.2018 മുതൽ 31.05.2018 വരെ |
| | | ഡോ.വിജിത്ത് പി.കെ | 31.05.2018 മുതൽ 04.07.2018 വരെ |

| | | |
|---|---|---|
| | ഡോ.രമ്യ പി.എസ് | 04.07.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി-അപാകതകൾ | 1-12 |
| 13 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് – അപാകതകൾ | 1-13 |
| 14 | തൊഴിൽനികുതി- അപാകതകൾ | 1-14 |
| 15 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മുറിച്ച മാറ്റിയ മരം- ലേലം ചെയ്ത് മുതൽ കൂട്ടിയില്ലഎന്നിവയിലെ | 1-15 |
| 16 | ബിറ്റുമിൻ- സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണത്തിലെയും അപാകതയും ഒഴിഞ്ഞ ബാരൽ വില ഈടാക്കാത്തതും | 1-16 |
| 17 | രാജീവ് ദശലക്ഷം കോളനി -മലനടുവിൽ റോഡ് – കരാറുകാരന് അധികം തുക നൽകി | 1-17 |
| 18 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കി | 1-18 |
| 19 | പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ അനർഹമായ നിരക്കിൽ ഓവർഹെഡ്സ് ചാർജ്ജ് നൽകുന്നു. | 1-19 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തി – എഗ്രിമെന്റ് വെയ്ക്കാതെ തുക കൈമാറി | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി – ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് | 1-22 |

| | | |
|---|---|---|
| | അർഹമായതിലും കൂടുതൽ തുക അനുവദിച്ചു. | |
| 23 | പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗ വിവരം ലഭ്യമായില്ല. | 1-24 |
| 25 | കാർഷിക രംഗത്തെ ആസൂത്രണം അടിസ്ഥാനവിവരങ്ങളെ ആസ്പദമാക്കാതെ | 1-25 |
| 26 | കാർഷിക രംഗത്തെ പദ്ധതികൾ – നിർവ്വഹണ നടപടികളുടെ വിശദാംശങ്ങളില്ല. | 1-26 |
| 27 | അങ്കണവാടി പോഷകാഹാര വിതരണം – മതിയായ തുക വകയിരുത്തുന്നില്ല. | 1-27 |
| 28 | അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ഗാർഷിക കണക്ഷനാക്കി മാറ്റിയില്ല | 1-28 |
| 29 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം – അർഹർക്കെല്ലാം ലഭിക്കുന്നില്ല – അർഹതപ്പെട്ട നിരക്കിൽ ലഭിക്കുന്നില്ല. | 1-29 |
| 30 | പാലിയേറ്റീവ് പരിചരണം – മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല | 1-30 |
| 31 | സ്കൂളിന് ഫർണിച്ചർ നൽകിയത് – സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആവശ്യമില്ലാത്തത് | 1-31 |
| 32 | തുല്യതാപഠനത്തിന് ഫീസ് ഇനത്തിൽ തുക നൽകിയത് – തുടർ നിരീക്ഷണമില്ല | 1-32 |
| 33 | വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം | 1-33 |
| 34 | യാത്രാ ക്ലെയിം സമർപ്പിക്കാതെ ജീവനക്കാർക്ക് യാഎന്നിവയിലെത്രാപ്പടി അനുവദിക്കുന്നു. | 1-34 |
| 35 | ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-35 |
| 36 | കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല. | 1-36 |
| | **ഭാഗം 2 -വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല. | |
| | **ഭാഗം 3 -ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 37 | രാജീവ് ദശലക്ഷം കോളനി -മലനടുവിൽ റോഡ് – കരാറുകാരന് അധികം തുക നൽകി | 3-1 |
| 23 | ലൈഫ് ഭവനപദ്ധതി – ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് അർഹമായതിലും കൂടുതൽ തുക അനുവദിച്ചു. | 3-2 |
| | **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 25 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്എന്നിവയിലെ | 4-8 |
| 32 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.03.2018 തീയതിയിലെ നം-1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.02.2019 തീയതിയിലെ2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6917144 |
| വരവ് | 99823933 |
| ആകെ | 106741077 |
| ചെലവ് | 87437484 |

| | |
|---|---|
| നീക്കിയിരിപ്പ് | 19303593 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13123745 | 13123745 | 13123745 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1458373 | 1458373 | 1458373 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 12145887 | 12145887 | 12145887 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2860457 | 2860457 | 2860457 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7290191 | 7290191 | 7290191 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 44902484 | 44902484 | 44902484 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 810294 | 2014464 | 2824758 | 2674183 | 150575 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഐ.സി.ഡി.എസ് | | 320523 | 756644 | 1077167 | 747970 | 329197 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംമ്പയിൻ | | 345600 | 401412 | 747012 | 312600 | 434412 |
| തനത് ഫണ്ട് | കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട്-അക്കൗണ്ട്-9718 | 1770684 | 11594006 | 13354690 | 10083427 | 3271263 |
| | എസ്.ബി.ടി ഇ-പേയ്മെന്റ് -241 | 5584 | 23157 | 28741 | 649 | 28092 |
| | കനറ ബാങ്ക് മണൽ | 2973166 | 105712 | 3078878 | 515246 | 2563632 |
| | ട്രഷറി അക്കൗണ്ട് | -430967 | 28575046 | 28144079 | 17217231 | 10926848 |
| | ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ | 200000 | 7181726 | 7381726 | 7025459 | 356267 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | | |
| 220 | 167391799 | 110 | 70075179 | 30 | 80 | 50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 810294 | 2014464 | 2824758 | 2674183 | 150575 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 44902484 | 44902484 | 44902484 | - |
| | 810294 | 49916948 | 47727242 | 47576667 | 150575 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 194880 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 9133900 | 2301 |
| വിധവാപെൻഷൻ | 12220800 | 2897 |
| വാർദ്ധക്യകാലപെൻഷൻ | 14898600 | 3427 |
| വികലാംഗപെൻഷൻ | 3982900 | 944 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 189400 | 400 |
| വിവാഹ ധനസഹായം | 300000 | 10 |
| ആകെ | 40920480 | 10071 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 59190/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല.(ഖണ്ഡിക 1-13,1-14 കാണുക)
2. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. (ഖണ്ഡിക-1-12 കാണുക)
3. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്)ഓഫീസ് മീറ്റിംഗുകൾ പ്രതിമാസം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.01.2019 | 11/2018-12/2018 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.03.2006 | 1997/98-2004/05 | നം-<br>എൻ.ബി.എ(എച്ച്.ക്യൂ)<br>111/8എ-965/156<br>തിയ്യതി-12.05.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വേളം ഗ്രാമ പഞ്ചായത്തിന്റെ 2018 -19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. മിക്ക അക്കൗണ്ടുകളുടേയും, പാസ്ബുക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | പാസ്ബുക്ക് അവസാനമായി updateചെയ്ത തിയ്യതി | Last updation പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് (രൂ) |
|---|---|---|---|
| 1. | 40185100108351 KGB | 1.2.2019 | 3499 |
| 2. | 40185100107994 KGB | 1.2.2019 | 1217 |
| 3. | 40185100107588 | 1.2.2019 | 1978 |
| 4. | 32195785486 SBI | 25.3.19 | 33207 |
| 5. | 100341201200003 | 17.10.17 | 2510 |

| | | | |
|---|---|---|---|
| | KDC | | |

കോളം 4 പ്രകാരമുള്ള പാസ്ബുക്ക് ബാലൻസിന് അനുസൃതമായാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കിയത്.

2. പോസ്റ്റ് ഓഫീസിൽ 646412 രൂ 31.03.2019 തിയ്യതിയിൽ ബാലൻസ് ഉള്ളതായി B-17 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. SBT അക്കൗണ്ട് നമ്പർ 67392800241 – പാസ്ബുക്ക് / ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. B-14 ഷെഡ്യൂളിൽ സ്റ്റോക്ക്-ഇൻ-ഹാൻഡ് 'പൂജ്യം' എന്നാണ് കാണിച്ചിരിക്കുന്നത്. ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. വസ്തു നികുതിയിനത്തിൽ സഞ്ചയ സാംഖ്യ ഡി.സി.ബി. പത്രികകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-12 വസ്തു നികുതി -അപാകതകൾ

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

**1. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല.എന്നാൽ സ്ഥപാനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെടുന്നതിനും ഇടയാകുന്നു.

**2.ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ 2013-14 വർഷത്തിലാണ് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി സഞ്ചയ സോഫ്റ്റ്വെറിൽ ഡാറ്റാ എൻട്രി നടത്തി നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളത്.2013-14 ന് ശേഷം ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി മാറ്റം വരുത്തിയ കെട്ടിടഭാഗത്തിന് നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.ഇത് കാരണം ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനില്ക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു.ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നമ്പർ 19/18-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ നടപ്പിലാക്കേണ്ടതാണ്.

1. സ്ഥാപന പരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമ വിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്.

പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽപ്പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയ കെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യ നിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥരും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതുമാണ്

ഇക്കാര്യങ്ങൾ സൂപ്പർവൈസറി തലത്തിൽ പരിശോധിക്കേണ്ടതാണ്.

## **1-13** വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ പ്രസിഡന്റ് കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ വേളം ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 222 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 28എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

2)മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ

31.10.2017 ലെ ജി.ഒ(പി)80/2017/തസ്വഭവ ആയി സർക്കാർ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതിനനുസരിച്ച് മുതൽ മുടക്കിന്റെ അടിസ്ഥാനത്തിലാണ് ഭരണ സമിതി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നത്.ഇത് പ്രാകാരം ഗ്രാമപഞ്ചായത്തിൽ ഉൽപ്പാദന-സേവന മേഖലയിൽ മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ തുകകൾ ക്രമീകരിച്ച് ലൈസൻസ് ഈടാക്കുന്നുവെങ്കിലും അവ കൃത്യമായി കണക്കാക്കുന്നതിലും സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നുംഅപാതകതൾ നിലനിൽക്കുന്നു. ഉദാ-ലൈസൻസ് നം-28/18-19ആയി അനുവദിച്ച ശ്രീമതി.ജിജിഭായ്.ടി, അക്ഷയ് ഗ്യാസ് ഏജൻസി.പള്ളിയത്ത് .പൂളക്കൂൽ പി.ഒ എന്നിവരുടെ ഉടമസ്ഥതയിലുള്ള "അക്ഷയ് ഗ്യാസ് ഏജൻസി" എന്ന സ്ഥാപനത്തിന് ( ഇൻഡേയ്ൻ ഗ്യാസ് ഡിസ്ട്രിബ്യൂട്ടർ)ലൈസൻസ് ഫീ 1000/- രൂപയാണ് ഈടാക്കിയത്. എന്നാൽ ഒരു ഗ്യാസ്

ഏജൻസിയുടെ മുതൽ മുടക്കിന് ആനുപാതികമായ തുകയല്ല ഈടാക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വ്യത്യസ്ത തുകകൾ മുതൽമുടക്കിയ ചെറുകിട സ്ഥാപനങ്ങൾക്ക് ഒരേ ലൈസൻസി ഫീ ഈടാക്കിയതായും കാണുന്നു.

3)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

4)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1650 (1 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 222 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത് (280 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5)ഫീൽഡ് അന്വേഷണ റിപ്പോർട്ട് അപൂർണ്ണം**

2018-19 സാമ്പത്തിക വർഷം ഭൂരിഭാഗം ലൈസൻസും അനുവദിച്ചിരിക്കുന്നത് യാതൊരു വിധത്തിലുള്ള ഫീൽഡ് അന്വേഷണവും നടത്താതെയാണെന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഇത്തരത്തിൽ 140 അപേക്ഷകളാണ് ലൈസൻസ് സെക്ഷൻ ഫീൽഡ് റിപ്പോർട്ട് ഇല്ലാതെ കൈകാര്യം ചെയ്തിരിക്കുന്നത്. സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സൌകര്യങ്ങൾ, ഹോട്ടലുകൾ, കൂൾ ബാറുകൾ എന്നിവയുടെ ജല പരിശോധന റിപ്പോർട്ട് എന്നിവ ഉൾക്കൊള്ളിക്കാതെയാണ് ലൈസൻസ് അപേക്ഷകളിൽ തീരുമാനം എടുക്കുന്നത്.

അപാകതകൾ സൂചിപ്പിച്ച് 18/18-19 നമ്പറിൽ ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി )വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1649 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.ഇക്കാര്യങ്ങൾ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

i) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് അന്വേഷണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നു.ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത്

ഫണ്ടിന് നഷ്ടം

വേളം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരഭങ്ങൾക്കുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ അനേകം സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇവരിൽ നിന്നും റിട്ടേൺ വാങ്ങുകയോ തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

3)അർദ്ധവാർഷിക വരുമാന പത്രികകളിൽ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ ചേർക്കാതെ സ്ഥാപനമേധാവികൾ തൊഴിൽ നികുതി റിട്ടേൺ ഗ്രാമപഞ്ചായത്തിൽ ഫയൽ ചെയ്യുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. എന്നാൽ വാഹനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്താതെയാണ് ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിരിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

4)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം വേളം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ. കരീം മാങ്ങോട്ട്.

2.ശ്രീ.ഇബ്രാഹിം കെ.പി

3.എം.എൽ.സി.സി.എസ് പേരാമ്പ്ര

4.ശ്രീ.ദിനേശൻ എൻ.കെ

5.ശ്രീ .ശ്രീധരൻ

6.ശ്രീ.ശ്വേതിൻ അശോക്

7.ശ്രീ.ശ്രീ.സി.കെ മുഹമ്മദ്

8.ശ്രീ.റോയ് തോമസ്.കൈതക്കുളത്ത് .പൂഴിത്തോട് .ചക്കിട്ടപാറ

9.ശ്രീ.ഷാജു സി.എം

5) ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തിൽ വേളം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചേർക്കുന്ന ചുവടെ ചേർത്തിട്ടുള്ള എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.ഹാരിസ് ചാലിൽ,വേളം,പെരുവയൽ പി.ഒ കുറ്റ്യാടി വഴി,പയിങ്കീന്റവിട

രജി നം-ഇ- 2050/2008/15582/കെ.കെ.ഡി/556/2019/എസ്.ബി

2.ശ്രീ.വികേഷ് പി.പി പുത്തൻപുരയിൽ,കുറിച്ചകം പി.ഒ കുറ്റ്യാടി വഴി

രജി നം-ഇ-2050/08/6472/കെകെഡി/485/2014/എസ്.ബി

3.ശ്രീമതി മേഘ പി,പുതിയേടത്ത് കുറിച്ചകം പി.ഒ

രജി നം-ഇ/2050/08/17012/കെകെഡി/15/2020/ഇ.എ

4.ശ്രീ.രവീന്ദ്രനാഥ് പി,പുത്തുരം(വീട്),മേമുണ്ട പി.ഒ

രജി നം-ഇ/2050/08/11008/കെകെഡി/74/2017/എസ്.ബി

5.ശ്രീ. അനൂപ് രാജൻ വി,വടേക്കര(വീട്),തണ്ടോറപ്പാറ പി.ഒ

രജി നം-ഇ/2050/08/9935/കെകെഡി/136/2017/എസ്.ബി

6.ശ്രീ.മുനീർ ടി.പി,തിരുവള്ളൂർ പി.ഒ

രജി നം-ഇ/2050/08/7298/കെകെഡി/197/2015/എസ്.ബി

7.ശ്രീ.ജംഷാദ് പി,കൈസ് (വീട്),പുളൂർ പി.ഒ

രജി നം-ഇ/2050/08/6955/കെകെഡി/47/2015/എസ്.ബി

8.ശ്രീ.സത്യപാലൻ പി.ടി,വെങ്കല്ലുള്ള തറമ്മൽ(വീട്),മൊകേരി പി.ഒ

രജി നം-ഇ/2050/08/10993/കെകെഡി/54/2017/എസ്.എസ്

9.ശ്രീ.സുജിത്ത് തയ്യിൽ (വീട്),ചേരാപുരം പി.ഒ

രജി നം-ഇ/2050/08/2664/കെകെഡി/51/2011/എസ്.എസ്

10.ശ്രീ സിറാജുദ്ദീൻ എം,മാണിക്കോത്ത് (വീട്), തിരുവള്ളൂർ (പി.ഒ)

രജി നം-ഇ/2050/08/16512/കെകെഡി/272/2019/എസ്.എ

മേൽ വ്യക്തികൾ മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

6).ഡിമാന്റ് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1650 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ വേളം ഗ്രാമപഞ്ചായത്തിൽ ഒരു വാണിജ്യ കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1649 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 222 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 280 ആണ്. അവശേഷിക്കുന്ന 1369 കെട്ടിടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

7.എം.ജി.എൻ.ആർ.ഇ.ജി.എസ് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കരീം മാങ്ങോട്ട്, കുറിച്ചകം പി.ഒ, കുറ്റ്യാടി

2.ഇബ്രാഹിം കിഴക്കെപറമ്പിൽ ,ചേരാപുരം പി.ഒ

3.ദിനേശ് എൻ.കെ, നടുക്കണ്ടിയിൽ,കുറിച്ചകം, കുറ്റ്യാടി

4.സിബീഷ് കെകെ,കണ്ടോത്ത് കുഴിയിൽ, കുറിച്ചകം പി.ഒ, കുറ്റ്യാടി വഴി

5.ശ്രീ. ശ്വേതിൻ ജെ അശോക് , ആതിര,ചേരാപുരം

6.ശ്രീ ഷാജു സി.എം,ശാന്തി, ആവള
ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകിയും വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തിയും സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുപ്പിച്ചതിന് ശേഷം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കൃത്യമായ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് മുറിച്ചുമാറ്റിയ മരംലേലം ചെയ്ത് മുതൽ കൂട്ടിയില്ല.

സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം പൊതുജനങ്ങൾക്കും വീടുകൾക്കും ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | ചിലവിന്റെ വിശദവിവരം |
|---|---|---|
| 21890384 തി 20.8.18 | 4000 | മാമ്പ്രമലയിൽ പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്ത് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ചുമാറ്റുന്നതിന്. (17-7-18ലെ ഭരണ സമിതി തീരുമാനം 9(12) പ്രകാരം മരം ലേലം ചെയ്ത് പഞ്ചായത്ത്ഫണ്ടിൽ മുതൽ കൂട്ടാൻ തീരുമാനം). |
| 21800689 തി 4.12.19 | 9000 | മീമ്പാലം തോട്ടിൽ രണ്ട് മരങ്ങൾ വീണ് ഒഴുക്ക് തടസ്സപ്പെട്ടത് മരങ്ങൾ മുറിച്ചുമാറ്റി ഒഴുക്ക് പൂർവസ്ഥിതിയിലാക്കാൻ ചെലവഴിച്ച തുക |

മേൽ വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ച് മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-16 ബിറ്റുമിൻ- സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണത്തിലെയും അപാകതയും, ഒഴിഞ്ഞ ബാരൽ വില ഈടാക്കാത്തതും

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിൻ വിതരണം ചെയ്തവയുടെ കാര്യത്തിൽ ബിറ്റുമിൻ വാങ്ങിയ ശേഷം ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത ശേഷമാണ് കരാറുകാർക്ക് വിതരണം ചെയ്തതെങ്കിലും രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഏത് പ്രവൃത്തിക്ക് വേണ്ടിയാണ് ബിറ്റുമിൻ കൈമാറിയത് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ബിറ്റുമിൻ കൈപ്പറ്റിയ കരാറുകാരുടെ പേരും ബിറ്റുമിന്റെ അളവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അസി. എഞ്ചിനീയർ നടപ്പാക്കിയതും പഞ്ചായത്ത് ടാർ സപ്ലൈ ചെയ്തതുമായ ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പെരുവയൽ റേഷൻ ഷോപ്പ് റോഡ്

2. പൂമരമുക്ക് ഇളംകുളം കോട്ട റോഡ്

3. മീത്തലെ തൊട്ടവയിൽ മുക്ക് മാംമ്പ്രമല കോളനി റോഡ്

4. മുണ്ടക്കൽ മുക്ക് ഉളികപ്പുഴ റോഡ്

5. നാരങ്ങോളി കനാൽ റോഡ്

6. പാണത്തൊടി കനാൽ റോഡ്

7. കൊയിലോത്ത് കണ്ടി മുക്ക് തൈക്കണ്ടി താഴെ റോഡ്

8. കണക്കച്ചേരി മുക്ക് തേക്കുള്ളതിൽ റോഡ്

9. മീത്തലെ വീട്ടിൽ മുക്ക് കൊമ്മോടി മുക്ക് റോഡ്

കരാറുകാർക്ക് ടാർ കൈമാറുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ പ്രവൃത്തിയുടെ പേരു വിവരം രേഖപ്പെടുത്താതിനാൽ മുകളിൽ ചേർത്തിട്ടുള്ള പ്രവൃത്തികൾക്ക് എത്ര അളവിൽ ഏതൊക്കെ ഗ്രേഡിലുള്ള ടാർ സപ്ലൈ ചെയ്തു എന്നത് പരിശോധിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ വാങ്ങി വിതരണം ചെയ്ത ബിറ്റുമിന്റെ അളവിന്റെ കൃത്യത, ആവശ്യകത, എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ പ്രവൃത്തികളിൽ ക്രമ നം.(1),(5),(6),(8) എന്നീ പ്രവൃത്തികളുടെ മെമ്മോ ഓഫ് പെയ്മെന്റ് , ഫൈനൽ ബിൽ, വർക്ക് ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ബില്ലിൽ നിന്നും ടാറിന്റെ വില കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഒഴിഞ്ഞ ബാരലിന്റെ വില കൂടെ ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നില്ല. ഒഴിഞ്ഞ ബാരലിന്റെ വില കുറവ് ചെയ്യാതിരുന്നത് ബാരലുകൾ തിരികെ നൽകിയത് കാരണമാണെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതായിരുന്നു. അത്തരത്തിലൊരു സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി ഹാജരാക്കേണ്ടതുമാണ്.

## 1-17 രാജീവ് ദശലക്ഷം കോളനി - മലനടുവിൽ റോഡ്- കരാറുകാരന് അധികം തുക നൽകി

പ്രൊജക്റ്റ് നം. : 254/19

പ്രൊജക്റ്റ് : രാജീവ് ദശലക്ഷം കോളനി - മലനടുവിൽ റോഡ്

അടങ്കൽ : 4,32,400/-(വികസനഫണ്ട്(ജനറൽ)43,400/-,മെയിന്റനൻസ് ഗ്രാന്റ് റോഡ് 3,89,000/-)

ചെലവ് : 423569/-(34569/-(ബിൽ നം. ), 3,89,000/-(37/18-19 തീ. 31.12.2018) )

നിർവ്വഹണം : അസി. എഞ്ചിനീയർ

എഗ്രിമെന്റ് നം. : 38/AE/18-19 തീ. 22.10.2018

കരാറുകാരൻ : ശ്രീ. ശ്വേതിൻ ജെ. അശോക്

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് പ്രളയത്തിൽ തകർന്നു പോയതാണ്. റോഡിന്റെ 79 മീറ്റർ(ചെയിനേജ് 0/200 മുതൽ 0/215 വരെയും, 0/227 മുതൽ 0/291 വരെയും) സബ് ഗ്രേഡ് നിർമ്മാണത്തിനും, റോഡിന്റെ മധ്യഭാഗത്ത് 12മീറ്റർ(ചെയിനേജ് 0/215 മുതൽ 0/227 വരെ) നീളം കരിങ്കല്ല് പാകിയ ഭാഗത്തിന്റെ ഉപരിതലവും ക്വാറി മക്ക് ഇട്ട് ഉറപ്പിച്ച ഭാഗവും ചേർത്ത് 91 മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് പ്രവൃത്തി. ഇതിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിൽ എംബുക്കിൽ(141/18-19, പേജ് 6, പേജ് 8) അളവ് രേഖപ്പെടുത്തിയതിൽ (കണക്ക് കൂട്ടി എഴുതിയതിൽ) വന്ന പിഴവ് കാരണം കരാറുകാരന് 3368/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എം ബുക്ക് പ്രകാരം | | | യഥാർത്ഥത്തിൽ | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | അളവ് | നിരക്ക് | ആകെ | അളവ് | നിരക്ക് | ആകെ | |
| 11.4.3.1 concrete for plain/reinforced concrete in open foundation | 46.13 എം$^3$ | 8020 | **369962.60** | 45.71 എം$^3$ | 8020 | **366594.20** | **3368.40** |

അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2018-19 വർഷത്തിൽ നടപ്പാക്കിയ സ്പിൽ ഓവർ പ്രവൃത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിരിക്കുന്നു.

2018-19 വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് കരാർ വച്ചത് 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. പി.ഡബ്ള്യ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 ഉത്തരവ് പ്രകാരം 01.10.2017 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 39.22 ശതമാനം ആയി പുനർ നിർണയിച്ചിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി കരാർ വച്ച് ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഈ പ്രവൃത്തികളുടെ കാര്യത്തിൽ സ്ഥാപനത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| **ക്രമ നം** | **പ്രോജക്ട് നമ്പർ, പേര്** | **കരാറുകാരൻ, എഗ്രിമെന്റ് നമ്പർ/ തിയ്യതി** | **ആകെ ചെലവ്** | **ബിൽ നം തീയതി** |
|---|---|---|---|---|
| **നിർവ്വഹണം :അസി. എഞ്ചിനീയർ** | | | | |
| 1 | 207/2019<br>കണക്കച്ചേരി മുക്ക് തേക്കുള്ളതിൽ റോഡ് | ശ്രീ. ശ്രീധരൻ. എ<br>SEC/AG/79/17-18 തീ. 31.03.2018 | 2,21,738/- | 33/31.12.2018 |
| 2 | 225/19<br>കുഞ്ഞിക്കണ്ടി മുക്ക് | ശ്രീ. ശ്രീധരൻ. എ<br>SEC/24/17-18 തീ. | 10,68,675/- | 5/18-19 തീ. 24.11.2018-6,00,000/- |

| | | | | |
|---|---|---|---|---|
| | ഒള്ളോടിതാഴെ റോഡ് | 02.02.2018 | | ട്രഷറി ചെക്ക് നം. 468675/- |
| 3 | 221/19<br>കല്ലംപുറം-മഞ്ഞക്കുനി റോഡ് | ശ്രീ. കരീം. എം<br>SEC/AG/54/17-18 തീ. 13.03.2018 | 4,99,543/- | 22/18-19 തീ. 31.12.2018-3,00,000/-<br>ട്ര. ചെക്ക് 199543/- |
| 4 | 229/19<br>ചോയിമഠം സബ്സെന്റർ അഭിവൃദ്ധിപ്പെടുത്തൽ | SEC/AG/35/17-18 തീ. 15.02.2018 | 2,48,622/- | 12/18-19 തീ. 24.11.2018 |
| സെക്രട്ടറി | | | | |
| 5 | 162/19<br>തൊട്ടുവക്കണ്ടി മുക്ക് കേളോത്ത് റോഡ് | ശ്രീ. കരീം. എം<br>SEC/AG/51/17-18 തീ. 21.03.2018 | 2,08,403/- | 01/2018-19 തീ. 15.05.2018 |
| 6 | 234/19<br>ആയുർവേദ ആശുപത്രി അഭിവൃദ്ധിപ്പെടുത്തൽ | ശ്രീ. ശ്വേതിൻ ജെ അശോക്<br>23/17-18 തീ. 02.02.2018 | 1,60,726/- | 106/18-19 തീ. 26.03.2019-1,00,000/-<br>112/2018-19 തീ. 26.03.19 -60726/- |
| 7 | 179/19<br>പഞ്ചായത്ത് ഓഫീസ് അഭിവൃദ്ധിപ്പെടുത്തൽ | ശ്രീ. കരീം. എം<br>29/17-18 തീ. 02.02.2018 | 148064/- | 42/18-19 തീ. 30.07.2018 |

കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. 01.10.2017 ന് മുമ്പായി കരാർ വെച്ചതും, എസ്റ്റിമേറ്റിൽ 42.16% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയതുമായ പ്രവൃത്തികളിൽ ഈയിനത്തിൽ അധികം നൽകിയ തുക കണക്കാക്കി കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ അനർഹമായ നിരക്കിൽ ഓവർഹെഡ്സ് ചാർജ്ജ് നൽകുന്നു

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലും, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയുമാണ്. ഇപ്രകാരമുള്ള

പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഓ(ആർ.ടി)2480/2010/തസ്വഭവ/ 29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷനനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമപ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 7.5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **1-20** പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2018-19 വർഷത്തിൽ നടപ്പാക്കിയ പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾകാണുന്നു.

1. **പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ വീഴ്ച- ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു**

ഗ്രാമപഞ്ചായത്ത് തൻ വർഷം 146 (76 New+70 SpillOver) പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 57 പദ്ധതികളും, അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 32 പദ്ധതികളും ചേർത്ത് 89 പൊതുമരാമത്ത് പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. 57 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയ 89 പ്രവൃത്തികളിൽ 63 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളുമാണ്. 26 പുതിയ പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾക്കു വേണ്ടി വകയിരുത്തിയ പദ്ധതി തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 63 സ്പിൽ ഓവർ പ്രവർത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

ഇത് കൂടാതെ, അംഗീകാരം വാങ്ങിയ 146 പൊതുമരാമത്ത് പ്രവത്തികളിൽ 43 എണ്ണവും 4,00,000/- മുതൽ 4,95,000/- രൂപ വരെയും 17 പ്രവൃത്തികൾ 2,50,000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. ഈ രീതിയിൽ ചെറിയ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ രീതിയിലാണ് നടത്തുന്നത്. 2018-19 വർഷങ്ങളിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചാൽ ഇത്തരം മാന്വൽ ടെണ്ടറുകൾക്ക് മത്സരാധിഷ്ഠിതം ആവാതെ കൂടുതലും സിംഗിൾ ടെണ്ടർ ആയിട്ടാണ് കാണുന്നത്. രണ്ടാളുകൾ പങ്കെടുത്തിട്ടുള്ളതിൽ കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കായിരിക്കുന്ന പ്രവണതയും കാണുന്നു. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 250000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. 2,50,000/- രൂപയോ അതിൽ ചെറിയ തുകയ്ക്കോ ഉള്ള വിവിധ പ്രവൃത്തികളാവുമ്പോൾ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും ജി.എസ്.ടി ഇനത്തിൽ കുറവ് വരുന്നു.

സർക്കാർ ഉത്തരവ് നം.11/2018/ത.സ്വ.ഭ.വ. തീ. 29.1.2018 ഖണ്ഡിക 2.3 ൽ പദ്ധതി തയ്യാറാക്കുന്നതിലെ

വ്യവസ്ഥകൾ വിവരിക്കുന്നു. ഇതിൽ നിർദ്ദേശം 6,7 എന്നിവയിൽ, തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. എന്നാൽ 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നടപ്പാക്കിയ പൊതുമരാമത്ത് പദ്ധതികൾ പരിശോധിച്ചതിൽ അത്തരത്തിലൊരു ശ്രമം നടന്നതായി കാണുന്നില്ല.

2.**കൃത്യമായ രീതിയിലുള്ള അവസ്ഥാ രേഖ തയ്യാറാക്കിയിട്ടില്ല**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് വർക്കിങ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരിയ്ക്കുന്നതിന് മുന്നോടിയായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വികസന മേഖല അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്ത് ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം സ്റ്റാറ്റസ് റിപ്പോർട്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണത്തിന് മുൻതൂക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രോജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കാൻ തടസ്സമാകുന്നതിനൊപ്പം പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനും ഇടയാക്കും. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ, പ്രശ്നങ്ങളും പ്രശ്നപരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തി വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. **സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.**

2012 ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.2 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ അംഗീകാരം വാങ്ങിയ മിക്ക പദ്ധതികളും ഇത്തരത്തിൽ സൈറ്റ് പരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണുന്നു. 2018-19 ൽ അംഗീകാരം വാങ്ങിയ പദ്ധതികളിൽ തന്നെ 8 പദ്ധതികൾ പലകാരണങ്ങളാൽ പുതുക്കിയതായി കാണുന്നു. കൂടാതെ, പല സ്പിൽ ഓവർ പദ്ധതികളും ഇത്തരത്തിൽ റിവൈസ് ചെയ്യേണ്ടതായി വരുന്നു. ഉദാഹരണമായി

പാറച്ചാലിൽ മുക്ക് - അരീക്കൽ റോഡ് (158/19), കുഞ്ഞമ്മത് കണ്ടി - അരീക്കൽ റോഡ്(242/19) എന്നിവ 2018-19 വർഷത്തിൽ സ്പിൽ ഓവർ ആയി വന്ന പദ്ധതികളാണ്. ഇതിൽ പാറച്ചാലിൽ മുക്ക് - അരീക്കൽ റോഡ് പ്രവൃത്തി 2016-17 വർഷത്തിൽ എഗ്രിമെന്റ് വച്ചതാണ്.(എഗ്രിമെന്റ് നം. AE/LSGD/VELOM 35/16-17 തീ. 02.03.2017)

ഈ രണ്ടു റോഡ് പ്രവൃത്തികളും നടത്തുന്നതിനായി പ്രസ്തുത റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി "ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (132/19)" എന്നൊരു പദ്ധതി നടപ്പാക്കി. ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനായി 49,727/- (76/18-19 തീ. 21.12.2018)രൂപ കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റ് ബോർഡിന് കൈമാറിയിട്ടുണ്ട്. (പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.) മേൽ പരാമർശിച്ച പ്രവൃത്തികളുടെ കാര്യത്തിൽ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചത് . കൂടാതെ പ്രസ്തുത റോഡ് കയറ്റം കാരണം റോളർ കയറ്റാൻ പ്രയാസമായതിനാൽ കയറ്റം കുറയ്ക്കുന്നതിനായിട്ടുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് 16.12.2017 ൽ(തീരുമാനം 1/(4)) പുതുക്കിയിട്ടുണ്ട്. കുഞ്ഞമ്മത് കണ്ടി - അരീക്കൽ റോഡ് പ്രവൃത്തി 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടില്ല.

2017 മാർച്ച് മാസത്തിൽ എഗ്രിമെന്റ് വെച്ചതിനു ശേഷം,മേൽ വിവരിക്കും പ്രകാരമുള്ള പദ്ധതി രൂപീകരിച്ചതിൽ നിന്നും, എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിൽ നിന്നും പ്രസ്തുത സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. കൂടാതെ, മേൽ മാന്വലിലെ സെക്ഷൻ 2008 പ്രകാരം ടെണ്ടർ

സമർപ്പിക്കുന്നതിനു മുമ്പേ കരാറുകാരൻ പ്രവൃത്തി സ്ഥലം പരിശോധിച്ച് സാധനങ്ങളുടെ ലഭ്യതയും, മറ്റു ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണ് പ്രവൃത്തിയ്ക്കുള്ള ടെണ്ടർ സമർപ്പിക്കേണ്ടത്. എഗ്രിമെന്റ് വച്ചതിനു ശേഷം പ്രവൃത്തി തുടങ്ങാനായി സ്ഥലത്ത് എത്തിയ സമയത്താണ് കരാറുകാരൻ മേൽപറഞ്ഞ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടെന്നും മനസ്സിലാക്കിയത് എന്നതിനാൽ ഈയൊരു നടപടി ക്രമവും ഈ വിഷയത്തിൽ നടന്നിട്ടില്ല എന്നത് വ്യക്തമാണ്.

**4. പുതിയ പ്രവൃത്തികളിൽ കരാർ വെയ്ക്കുന്നതിൽ കാലതാമസം**

ഗ്രാമപഞ്ചായത്ത് തൻ വർഷം 146 (76 New+70 SpillOver) പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 35 പദ്ധതികളും, അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 41 പദ്ധതികളും ചേർത്ത് 76 പുതിയ പദ്ധതികളാണുള്ളത്. സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവരുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 76 പുതിയ പദ്ധതികളിൽ 61 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചിട്ടുള്ളത്. 15 പുതിയപദ്ധതികൾക്ക് ഓഡിറ്റ് വർഷത്തിൽ കരാർ വെച്ചിട്ടില്ല. 09/2018 മുതൽ 03/2019 വരെയുള്ള കാലയളവിലാണ് ഇത്രയും പദ്ധതികൾക്ക് കരാർ വെയ്ക്കുന്നത്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|
| 1 | മെയ് | 1 |
| 2 | സെപ്റ്റംബർ | 22 |
| 3 | ഒക്ടോബർ | 14 |
| 4 | നവംമ്പർ | - |
| 5 | ഡിസംമ്പർ | 13 |
| 6 | ജനുവരി | - |
| 7 | ഫെബ്രുവരി | 1 |
| 8 | മാർച്ച് | 10 |

ഇതിൽ തന്നെ 10 പ്രവൃത്തികൾക്ക് കരാർ വെയ്ക്കുന്നത് മാർച്ച് മാസത്തിലാണ്. പുതിയ പ്രവൃത്തികളിൽ കരാർ വെയ്ക്കുന്നതിൽ കാലതാമസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**5.ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല**

ആസ്തി റജിസ്റ്റർ കാലാനുസൃതമായി പരിഷ്കരിച്ച് കാലികമാക്കിയിട്ടില്ല. പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ പൂർണമായും ആസ്തി റജിസ്റ്ററിൽ ചേർത്തിട്ടില്ല.

**6. പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നില്ല**

ഗ്രാമപഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല..

**7. മറ്റ് പ്രധാന അപാകതകൾ**

1. ടെണ്ടർ ഫോം ആർക്കാണോ നൽകുന്നത് അയാളുടെ പേര് വിവരങ്ങൾ ടെണ്ടർ ഫോമിന്റെ മുൻവശത്ത് രേഖപ്പെടുത്തേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയത് തീയതി വെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടെണ്ടർ ഫോമിൽ ആരും തന്നെ സാക്ഷ്യപ്പെടുത്തിയില്ല.

കൂടാതെ, ചില ടെണ്ടറുകളിൽ ആയത് സമർപ്പിച്ച കരാറുകാരന്റെ പേരു വിവരം രേഖപ്പെടുത്താതെ ഒപ്പു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാ:- കുനിങ്ങാരത്ത് താഴെ -ചാലിൽ പാറ റോഡ്(203/19). രണ്ട് ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടതിൽ ഒന്നിൽ മാത്രമാണ് പേരു (മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല)രേഖപ്പെടുത്തിയിട്ടുള്ളത്.

2. മിക്ക പ്രവൃത്തികളുടെയും ഫയലിൽ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയതിന്റെ രേഖകൾ എന്നിവയില്ല. സെലക്ഷൻ നോട്ടീസ് ഉൾപ്പെടുത്തിയവയുടെ കാര്യത്തിൽ സെലക്ഷൻ നോട്ടീസുകളിൽ നമ്പർ, തിയ്യതി , അവ കരാറുകാർ കൈപ്പറ്റിയ തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.

3. ടെണ്ടർ രജിസ്റ്ററിൽ പ്രവൃത്തികളുടെ ടെണ്ടർ തിയ്യതികൾ പലപ്പോഴും എഴുതുന്നില്ല.

4. ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റിൽ നിബന്ധനകൾ എഴുതിച്ചേർക്കുന്നില്ല.

5. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം അടക്കം ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല.( ജി. ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1)

6. പുതിയ നിർമ്മിതികളുടെ കാര്യത്തിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത്/ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാ:- പാണത്തൊടി കനാൽ റോഡ് (210/19) പ്രവൃത്തിയിൽ കനാൽ റോഡിൽ പ്രവൃത്തി നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ഉള്ളതായി കാണുന്നില്ല.

7. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

8. പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഭൂരിഭാഗം എസ്റ്റിമേറ്റുകളിലും റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

9. ജി.ഒ. (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടി വിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതി ന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. അത്തരത്തിലൊരു റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

10. ടെണ്ടർ ഫോറം കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല. വിതരണം ചെയ്യുന്നതിന്റെ രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകളിൽ പരിഹരിക്കാൻ കഴിയുന്ന അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ഹാജരാക്കേണ്ടതും, രേഖകൾ ഹാജരാക്കാത്തതോ, കൃത്യമായി സൂക്ഷിക്കാത്തവയുടെയും(ഉദാ: ക്രമ നം.(5)) കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്. മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തി - എഗ്രിമെൻറ് വെയ്ക്കാതെ തുക കൈമാറി

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് :തൊട്ടവക്കണ്ടി - കേളോത്ത് റോഡ് കനാൽ പാലം നിർമ്മാണം

പ്രൊജക്ട് നം : 139/19

അടങ്കൽ :2,85,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് :2,85,000/- (ബിൽ നം. 59/18-19 തീ. 31.08.2018)

മേൽ പ്രൊജക്ട് പ്രകാരം തൊട്ടവക്കണ്ടി - കേളോത്ത് റോഡ് കനാൽ പാലം നിർമ്മാണത്തിനായി 2,85,000/- രൂപ കുറ്റ്യാടി ജലസേചന പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. കെ.വൈ.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.07.2018 ലെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഇപ്രകാരം തുക നൽകുമ്പോൾ സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 ല

11.(2).(ഡി)(ii) പ്രകാരം ഗ്രാമ പഞ്ചായത്ത് കെ.വൈ.ഐ.പി യുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ കരാർ വെച്ചതായി കാണുന്നില്ല. ജലസേചന വകുപ്പ് ഈ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. കെ.വൈ.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11.10.2018- ലെ കത്ത് പ്രകാരം മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കെ.വൈ.ഐ. പി സബ്ഡിവിഷൻ, വടകര അസി.എക്സി. എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. മേൽ പരാമർശിത ഉത്തരവ് ഖ. 11.(2).(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വേണ്ട തുടർനടപടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി. പി. സി പ്രതിമാസം വിലയിരുത്തേണ്ടതും, ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. കൂടാതെ പ്രവൃത്തിയ്ക്കായി തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിലൊന്നും തന്നെ റോഡുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 ലൈഫ് ഭവനപദ്ധതി- ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് അർഹമായതിലും കൂടുതൽ തുക അനുവദിച്ചു.

പ്രോജക്ട് നമ്പർ- 107/18-19

പേര്- ലൈഫ് ഭവനപദ്ധതി -പട്ടികജാതിക്കാർക്ക്

വകയിരുത്തിയ തുക- 5648046

ചെലവുതുക- 880000 (ബിൽ നമ്പർ 9/18-19 തി20.8.18 -120000

ബിൽ നമ്പർ – 12/18-19 തി 17.9.18-80000

ബിൽ നമ്പർ – 13/18-19 തി12.10.18-160000

ചെക്ക് നമ്പർ – 1731402 തി 30.1.19 -200000

ചെക്ക് നമ്പർ 13481- തി 30.3.19 -320000

പട്ടികജാതിക്കാർക്കുള്ള ലൈഫ് ഭവനപദ്ധതിയിൽ പെട്ട ഗുണഭോക്താക്കളിൽ ഒരാളായ വാർഡ് 2ൽ പെട്ട ശോഭ w/o രാജൻ മൊട്ടേമ്മൽ, ചേരാപുരം എന്ന ഗുണഭോക്താവിന് വിവിധ ഗഡുക്കൾ നൽകിയത് പരിശോധിച്ചതിൽ ടിയാൾക്ക് അർഹമായതിലും കൂടുതൽ തുക അനുവദിച്ചുകാണുന്നു.സ.ഉ.നമ്പർ 22/18. ത.സ്വ.ഭ.വ തിരുവനന്തപുരം തി.14.2.18 ഖണ്ഡിക 6.7 പ്രകാരം എല്ലാവിഭാഗക്കാർക്കും വീടിന് 400000 രൂപയാണ് അനുവദിക്കാവുന്ന തുക. എന്നാൽ മേൽ ഗുണഭോക്താവിന് ആകെ 560000 രൂപ അനുവദിച്ചിരിക്കുന്നു. ഗുണഭോക്താവ് കൈപറ്റിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| കൈപറ്റിയ ഗഡുക്കൾ | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1-ഗഡു | 20.8.18 | 40000 | |
| 2 -ഗഡു | 12.10.18 | 160000 | പദ്ധതി വിഹിതത്തിൽ നിന്നും 2ാം ഗഡുവായി അനുവദിച്ച തുക രജിസ്റ്ററിൽ ചേർത്തിട്ടില്ല.12.10.2018 ൽ ടിയാളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | |
| 2.ഗഡു | 30.3.19 | 160000 | ഹഡ്കോ ലോണിൽ നിന്നും 30.3.19ന് ട്രാൻസ്ഫർ ചെയ്ത തുക രജിസ്റ്ററിൽ ചേർത്തു |
| 3.ഗഡു | 4.11.19 | 60000 | |
| 4 -ഗഡു | 12-11-19 | 40000 | |
| 5 ഗഡു | 9.3.20 | 100000 | |
| ആകെ | | 560000 | |

12.10.2018 ൽ ബിൽ നമ്പർ 13/18-19 തി 12.10.2018 പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 2ാം ഗഡുവായി ഗുണഭോക്താവിന്റെ എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയതാണ് വീണ്ടും 30.3.2019 ൽ രണ്ടാം ഗഡുവായി 160000 രൂപ അനർഹമായി അനുവദിക്കാൻ ഇടയായത്.ഭവനനിർമ്മാണത്തിന് ഗഡുക്കൾ അനുവദിക്കുമ്പോൾ വി.ഇ.ഒ ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ മറ്റൊരു വിധത്തിലും ആയത് നിരീക്ഷിക്കാനുള്ള സംവിധാനം ഓഫീസിൽ ലഭ്യമല്ല. ഒരു ഗുണഭോക്താവിന്റെ ആവശ്യമായ രേഖകൾ മുതൽ മുഴുവൻ ഗഡുക്കളും നൽകുന്ന വിവരം ഒറ്റ ഫയലായി സൂക്ഷിക്കാൻ സംവിധാനം നിലവിൽ ഇല്ലാത്തത് അപാകതക്ക് കാരണമായി. അധികം നൽകിയ 160000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്

## 1-23 പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ- 50/18-19

വകയിരുത്തിയ തുക - 750000

ചെലവുതുക- 375000

നിർവഹണം - വി.ഇ.ഒ

സാമ്പത്തിക വർഷത്തിൽ പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ വാർഡ് 17 ൽ പെട്ട ഗോപാലൻ വാതുക്കൽ പറമ്പത്ത് എന്നവർക്ക് അഡ്വാൻസ് ഇനത്തിൽ 75000 രൂപ ബിൽ നമ്പർ 23/18-19 തി .25.2.2019 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ടിയാൻ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. അഡ്വാൻസ് നൽകി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താവ് ആയത് പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 4/19

വകയിരുത്തിയ തുക- 62500

ചെലവുതുക- 62500 (ബിൽ നമ്പർ- 2/18-19 തി 22.11.18)

നിർവഹണം - വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രൊജക്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ 62500 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്.അടവാക്കിയ തുകയുടെ നാളിതുവരെയുള്ള വിനിയോഗ വിവരം, പ്രൊജക്ടിന്റെ ഭൗതിക പുരോഗതിറിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-25 കാർഷിക രംഗത്തെ ആസൂത്രണം അടിസ്ഥാനവിവരങ്ങളെ ആസ്പദമാക്കാതെ

നിർവ്വഹണം- കൃഷി ഓഫീസർ

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ച കാർഷിക മേഖലയിലെ പ്രൊജക്ടുകൾ അടിസ്ഥാനവിവരങ്ങളെ ആസ്പദമാക്കിയല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു.വളരെ പരിമിതമായ വിവരങ്ങൾ മാത്രമാണ് ആസൂത്രണത്തിന്റെ ഭാഗമായി സ്ഥാപനത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിലുള്ളത്.ഇവയൊന്നും തന്നെ തൻവർഷം ആസൂത്രണം ചെയ്ത പദ്ധതികളുടെ ആവശ്യകത വ്യക്തമാക്കുന്നതല്ല.നിർവ്വഹണം നടത്തിയ നെൽ കർഷകർക്ക് വിത്ത് വിതരണം(പ്രൊ നം.45/19),നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(പ്രൊ നം.47/19) പാടശേഖരസമിതിക്ക് ടില്ലർ വാങ്ങൽ (പ്രൊ നം.129/19) എന്നീ പ്രൊജക്ടുകളുടെ കാര്യത്തിൽ ഈ അപാകത വളരെ പ്രസക്തമാകുന്നു. ഗ്രാമപഞ്ചായത്തിൽ എത്ര ഹെക്ടർ നെൽകൃഷി ചെയ്യുന്നുണ്ട് എന്നത് അറിയാതെയാണ് നെൽകൃഷിക്ക് കൂലിച്ചെലവും നെൽവിത്ത് വിതരണവും നടത്തിയിരിക്കുന്നത്.പതിമൂന്നാം പദ്ധതിയുടെ വികസന രേഖ പ്രകാരം 12 പാടശേഖരസമിതികളിലായി 170 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടെന്ന് വ്യക്തമാകുന്നു.എന്നാൽ മഴയെ ആശ്രയിച്ച് 180 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ടെന്ന് അപൂർണ്ണമായ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവിധ കാർഷിക വിളകൾ-വിള സമ്പ്രദായങ്ങൾ എന്ന ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. കൃഷിയുടെ വ്യാപ്തി സംബന്ധിച്ച് വ്യക്തതയില്ലാതിരിക്കെ ,ഓഡിറ്റ് വർഷത്തിൽ 1881832/-രൂപ കൂലി സബ്സിഡിയായി വകയിരുത്തുകയും അത്രയും തുക അടുത്തവർഷത്തെ സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പടെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.ഇത് ഹെക്ടറിന് 17000/- രൂപ നിരക്കിൽ 110.7ഹെക്ടർ ഭൂമിയിലെ നെൽകൃഷിക്ക് മാത്രമാണ് സഹായകമായിട്ടുള്ളത്.ഇങ്ങനെ തുക വിനിയോഗിച്ചപ്പോൾ മുൻഗണന എപ്രകാരം നിശ്ചയിച്ചെന്ന് വ്യക്തമല്ല.412 ഗുണഭോക്താക്കൾക്ക് ഈ ധനസഹായം ലഭിച്ചിട്ടുണ്ട്,എന്നാൽ എത്ര കർഷകർ നെൽകൃഷി ചെയ്യുന്നെന്ന് സ്റ്റാറ്റസ് റിപ്പോർട്ട് വ്യക്തമാക്കുന്നില്ല.കൂടാതെ നെൽ കർഷകർക്ക് വിത്ത് വിതരണം എന്ന പ്രൊജക്ടിൽ 5400 കി.ഗ്രാം വിത്ത് വിതരണത്തിനായി 200ഗുണഭോക്താക്കളെയാണ് ഉദ്ദേശിച്ചത് ഇവിടെയും മുൻഗണന എപ്രകാരം നിശ്ചയിക്കപ്പെട്ടെന്ന് വ്യക്തമല്ല.വിത്ത് വിതരണത്തിന്റെ വിശദാംശം ലഭ്യമല്ലാത്തതിനാൽ ഒരേ ഗുണഭോക്താക്കൾക്ക് തന്നെയാണോ രണ്ട് പ്രൊജക്ട് പ്രകാരവും സഹായം ലഭിച്ചതെന്ന് ഉറപ്പുവരുത്താനും കഴിഞ്ഞിട്ടില്ല.

കാർഷികയന്ത്രങ്ങളുടെ ലഭ്യത സംബന്ധിച്ച ഡാറ്റായും റിപ്പോർട്ട് നല്കുന്നില്ല. അതുകൊണ്ട് തന്നെ നെൽകൃഷി ഉൽപ്പടെയുള്ള മേഖലകളിൽ ഏതെങ്കിലും യന്ത്രങ്ങൾ ആവശ്യമുണ്ടോയെന്ന് വ്യക്തമല്ല. എന്നാൽ വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശത്തെ തുടർന്ന് 140000/-രൂപ ( 14000/-രൂപ ഗു.വി ഉൾപ്പടെ) പ്രൊ നം.129/19 പ്രകാരം വകയിരുത്തുകയും, സ്ഥാപനത്തിന്റെ ചെലവ് സ്പിൽ ഓവറായി അടുത്ത വർഷം വഹിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പാടശേഖരസമിതികൾക്ക് എത്ര ടില്ലർ ഉണ്ട് എന്ന് ഓഡിറ്റ് സമയത്ത് ആരാഞ്ഞതിൽ ആകെ 12സമിതികളുടെ കൈവശം 14ടില്ലറുകളുണ്ടെന്നും ഇതിൽ 5എണ്ണം പ്രവർത്തിക്കുന്നില്ലെന്നും കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. യന്ത്രങ്ങളുടെ പരിപാലനം സമിതികൾക്കായതിനാൽ എന്തുകൊണ്ട് ഇവ

പ്രവർത്തിക്കുന്നില്ലെന്ന് അന്വേഷിക്കാതേയും പ്രവർത്തിക്കാത്തവയുടെ റിപ്പയർ സാധ്യത പരിശോധിക്കാതേയും പ്രൊജക്റ്റ് വിഭാവനം ചെയ്ത് തുക ചെലവഴിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്.

തൻവർഷം നിർവ്വഹിക്കപ്പെട്ട കുറ്റികുരുമുളക് വ്യാപനം (പ്രൊ.നം 92/19) എന്ന പ്രൊജക്ടിന്റെ കാര്യത്തിലും, അത്തരം മേഖലകളിൽ ഇടപെടുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതേയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള ഹ്രസ്വമോ,ദീർഘമോ ആയ വികസന കാഴ്ചപ്പാടുകളിലൊന്നും തന്നെ കുരുമുളക് ഉൾപ്പടെ നാണ്യവിളകളുടെ കാര്യത്തിൽ ലക്ഷ്യം നിശ്ചയിച്ചിട്ടില്ല. അതേസമയം ലക്ഷ്യം നിശ്ചയിക്കപ്പെട്ട ഇടവിളകൃഷി, തെങ്ങ്കൃഷി എന്നീ മേഖലകളെ അവഗണിക്കുകയും ചെയ്തു.

മേല്പറഞ്ഞ പോരായ്മകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അടിസ്ഥാനപ്പെടുത്തിയ ഡാറ്റായുടെ ആധികാരികത, ഇതിനെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ വികസനപരിപ്രേഷ്യം എന്നിവ സംശയാസ്പദമാക്കുന്നു. ആവശ്യകത തിരിച്ചറിയാതെ, വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പടെയുള്ള ആസൂത്രണ സംവധാനങ്ങളിൽ നിന്നും ഉയർന്നുവരുന്ന അഭിപ്രായങ്ങൾക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്ന അവസ്ഥാവിശേഷം സ്ഥാപനത്തിലുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു.വ്യക്തമായ വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കുക, കൃത്യതയാർന്ന ആസൂത്രണത്തിലൂടെ ഇവ നേടിയെടുക്കുക എന്നീ കാര്യങ്ങളിൽ ആസൂത്രണ നിർവ്വഹണ സംവിധാനത്തിന്റെ പരാജയം ഇവിടെ വ്യക്തമാകുന്നു. കാർഷിക മേഖലയുടെ മികച്ച വളർച്ചയ്ക്ക് ഗ്രാമപഞ്ചായത്തിൽ സാധ്യതയേറേയാണ് എന്നിരിക്കെ ആസൂത്രണപ്രക്രിയ ക്രിയാത്മകമാകാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.ഇക്കാര്യത്തിൽ നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും അതോടൊപ്പം 2021-22 വർഷത്തെ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിന് മുമ്പ് സ്റ്റാറ്റസ് റിപ്പോർട്ട് കുറ്റമറ്റതാക്കേണ്ടതും ആസൂത്രണം ഇതിനെ ആസ്പദമാക്കി നിർവ്വഹിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലക്ക് പ്രാഥമികമായി ഈ ഉത്തരവാദിത്വം കൃഷി ഓഫീസറിലായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 കാർഷിക രംഗത്തെ പദ്ധതികൾ -നിർവ്വഹണ നടപടികളുടെ വിശദാംശങ്ങളില്ല

നിർവ്വഹണം- കൃഷി ഓഫീസർ

ഓഡിറ്റ് വർഷത്തിൽ കാർഷിക മേഖലയിൽ 7 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 5എണ്ണത്തിന് തുക വിനിയോഗിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 45/19 നെൽകൃഷിക്ക് വിത്ത് വിതരണം | പ്ലാൻ ഫണ്ട് | 177612 | Billno.1/21.12.18-177612 |
| 2 | 47/19നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | ജില്ലാപഞ്ചായത്ത് ഫണ്ട് | 1890000 | 940916 |
| 3 | 85/19കദളീവനം പദ്ധതി വനിത | പ്ലാൻ ഫണ്ട് | 348300 | Billno.3/22.12.18-348300 |
| 4 | 92/19കുറ്റിക്കുരുമുളക് വ്യാപനം | പ്ലാൻ ഫണ്ട് | 204000 | Billno.2/21.12.18-184500<br>bill no.4/23.3.19-11890 |
| 5 | 129/19പാടശേഖരസമിതിക്ക് ടില്ലർ | ഗ്ര വി | 14000 | 14000 |

പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വിവിധങ്ങളായ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.ഇവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

**1) നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവയിൽ വീഴ്ചകളുണ്ടെന്ന് രേഖകളുടെ അഭാവം വ്യക്തമാക്കുന്നു**

നിർവ്വഹിച്ച പ്രൊജക്റ്റുകളുടെ രേഖകൾ പരിശോധിച്ചതിൽ നിർവ്വഹണ നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന എല്ലാരേഖകളും ഉൾപ്പെടുന്ന ഫയലുകളായല്ല ഓരോ പ്രൊജക്റ്റും സൂക്ഷിച്ചിരിക്കുന്നതെന്ന് കാണുന്നു.ഓരോ പ്രൊജക്റ്റിന്റേയും പകർപ്പും,തുക പിൻവലിച്ച് നല്കിയ ബിൽ കോപ്പിയും മാത്രമാണ് രേഖയായുള്ളത്.താഴെ പറയുന്ന പ്രസക്തമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | രേഖ |
|---|---|
| 1 | ധനസഹായത്തിനുള്ള അപേക്ഷ(ഇത് പ്രത്യേകമായും സൂക്ഷിച്ചിട്ടില്ല) |
| 2 | നെൽകൃഷിക്ക് കൂലിച്ചെലവിന്റെ കാര്യത്തിൽ അർഹമായ തുക കണ്ടെത്താനുള്ള വിളവിസ്തൃതി പരിശോധനാറിപ്പോർട്ട്/കുറിപ്പ് |
| 3 | 13ആം പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശാനുസരണമുള്ള പദ്ധതിയുടെ കയ്യെഴുത്ത് പ്രതി |
| 4 | കൃഷി ഓഫീസറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം |
| 5 | കൃഷി മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് |

മേല്പറഞ്ഞവയിൽ ക്രമനം.2 പ്രകാരമുള്ള അപാകത ഇതേ ധനസഹായത്തിനുള്ള പ്രൊജക്റ്റിന്റെ കാര്യത്തിൽ 2017-18 വർഷത്തിൽ ഉണ്ടായത് മേൽ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5ആയി പ്രതിപാദിച്ചിട്ടുണ്ട്.ധനസഹായം ചെറുകിട,നാമമാത്ര കർഷകർക്ക് മാത്രമാണ് നല്കേണ്ടതെന്നിരിക്കെ,പരിശോധനാ റിപ്പോർട്ട് ഇല്ലാത്തത് വീഴ്ചയാണ്. കൂടാതെ വിളവിസ്തൃതിക്ക് ആനുപാതികമായാണ് തുക കണക്കാക്കേണ്ടതെന്നതും ഇവിടെ പ്രസക്തമാണ്.ക്രമ നം 4,5 എന്നിവ പ്രകാരമുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ പ്രൊജക്റ്റുകൾ ലക്ഷ്യം കൈവരിച്ചോയെന്നും ധനസഹായം അർഹർക്ക് തന്നെയാണോ ലഭ്യമായതെന്നും ഉറപ്പുവരുത്താനായിട്ടില്ല.

**2) നെൽകൃഷിക്ക് കൂലിച്ചെലവ്- കർഷകർ വിള ഇൻഷൂറൻസ് എടുത്തോയെന്ന് വ്യക്തമല്ല**

മുൻകൂറായി വിള ഇൻഷൂറൻസ് ചെയ്തവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂവെന്ന് 14.02.18 തീയതിയിലെ ആർ.ടി 22/18/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക6.1(6) ൽ പ്രതിപാദിച്ചിട്ടുണ്ട്.എന്നാൽ ക്രമനം 2 പ്രകാരമുള്ള കാര്യത്തിൽ ഇത് ഉറപ്പുവരുത്തിയാണോ ഗുണഭോക്താക്കൾക്ക് തുക നല്കിയതെന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**3) നെൽകൃഷിക്ക് വിത്ത് വിതരണം-വിത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല**

ക്രമ നം. 1 പ്രകാരമുള്ള പ്രൊജക്റ്റ് വഴി 4380 കി ഗ്രാം നെൽവിത്ത് 40/-രൂ/കി.ഗ്രാം നിരക്കിൽ വാങ്ങി കർഷകർക്ക് നല്കിയിട്ടുണ്ട്. 177612/- രൂപ ചെലവ് വന്ന പ്രൊജക്റ്റ് പ്രകാരം വാങ്ങിയ വിത്ത് ആർക്കൊക്കെ വിതരണം ചെയ്തെന്ന് വ്യക്തമല്ല. വിതരണ രജിസ്ററർ പ്രകാരം 6 പാടശേഖരസമിതികൾക്ക് ഇത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയെങ്കിലും ആകെ 2580 കി ഗ്രാം വിത്ത് 3 സമിതികൾ കൈപ്പറ്റിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.കൂടാതെ വിത്ത് കൈപ്പറ്റിയ സമിതികൾ ഇവ കർഷകർക്ക് കൈമാറിയതിന്റെ രേഖയും ലഭ്യമായിട്ടില്ല.ഇതിന്റേയും അപേക്ഷകളടേയും അഭാവത്തിൽ അർഹതയുള്ള ചെറുകിട,നാമമാത്ര കർഷകർ തന്നെയാണോ വിത്ത് കൈപ്പറ്റിയത് എന്നകാര്യത്തിലും വ്യക്തതയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ അപാകതൾ പരിഹരിച്ച് പരാമർശം ഒ!ഴിവാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പ്രൊജക്ടുകൾ പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അപേക്ഷകൾ സ്വീകരിക്കാതേയാണ് ധനസഹായം നല്കിയതെങ്കിൽ അതിന്റെ സാഹചര്യം,അർഹത നിശ്ചയിച്ച രീതി എന്നിവ വ്യക്തമാക്കേണ്ടതാണ്.
2. ഒരു പ്രൊജക്ടും മോണിറ്റർ ചെയ്തിട്ടില്ലെന്ന് മോണിറ്ററിംഗ് റിപ്പോർട്ടുകളുടെ അഭാവത്തിൽ വ്യക്തമാണ്.ആകയാൽ പ്രൊജക്ടുകളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഇതിന് മോണിറ്ററിംഗ് സമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അംഗീകാരം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്
3. ധനസഹായം കൈപ്പറ്റിയ കർഷകർ വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്. ഇത് ഇല്ലാതെയാണ് സഹായം നല്കിയതെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
4. വിത്തുകൾ കർഷകർ കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
5. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നിർവ്വഹണസംവിധാനങ്ങളിൽ വരുത്തേണ്ടതാണ്. അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കുന്ന പക്ഷം അത് ഗുരുതരമായ വീഴ്ചയായി പരിഗണിക്കുന്നതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 അങ്കണവാടി പോഷകാഹാര വിതരണം -മതിയായ തുക വകയിരുത്തുന്നില്ല

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

അങ്കണവാടി പോഷകാഹാര വിതരണത്തിനായി ഓഡിറ്റ് വർഷം പ്രൊജക്ട് നം 100/19 ആയി 18ലക്ഷം രൂപ വകയിരുത്തുകയും അത്ര തന്നെ തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വിഹിതം 12ലക്ഷം രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് 6ലക്ഷം രൂപ എന്നിങ്ങനെയാണ് പദ്ധതിക്ക് തുക വകയിരുത്തിയത്.ഇത് കൂടാതെ പ്ലാൻഫണ്ട് (എസ് സി പി) യിൽ നിന്നും 2.5ലക്ഷം വകയിരുത്തിയുള്ള പ്രൊജക്ട് നം 101/19(അങ്കണവാടി പൂരകപോഷകാഹാര വിതരണം)പ്രകാരവും വകയിരുത്തിയ തുക പോഷകാഹാര വിതരണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.രണ്ട് പ്രൊജക്ടു പ്രകാരവും കൂടി ആകെ 20.5 ലക്ഷം രൂപ വിനിയോഗിച്ചെങ്കിലും ഇത് മതിയാകാത്തതിനാൽ 2019-20 വർഷത്തെ പോഷകാഹാര വിതരണത്തിനുള്ള പ്രൊജക്ടിൽ നിന്നും ബാലൻസ് തുകയായ 340520/- രൂപ വഹിക്കേണ്ടി വന്നിട്ടുണ്ട്. (അപാകത പ്രത്യേക ഖണ്ഡികയായി നല്കിയത് കാണുക) ഗുണഭോക്താക്കളുടെ കൃത്യമായ വിവരം അടിസ്ഥാനപ്പെടുത്തി പ്രൊജക്ട് രൂപീകരിക്കാത്തതാണ് അപാകതയ്ക്ക് കാരണമെന്ന് കാണാം. ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകളനുസരിച്ച് താഴെ പറയുന്ന പ്രകാരം 3273000/- രൂപ ഈ പ്രൊജക്ടിനായി വകയിരുത്തേണ്ടതായിരുന്നു

| വിവധ തരം ഗുണഭോക്താക്കൾ | എണ്ണം | പ്രതിദിന നിരക്ക് രൂപയിൽ | ഒരു വർഷത്തെ ശരാശരി ദിനങ്ങൾ | ആകെ തുക |
|---|---|---|---|---|
| 3-6 വയസ്സിനിടയിലുള്ള കുട്ടികൾ | 330 | 7 | 300 | 693000/- |
| 0-3 വയസ്സിനിടയിലുള്ള കുട്ടികൾ | 650 | 7 | 300 | 1365000/- |
| ഗർഭിണികൾ | 250 | 9 | 300 | 675000/- |
| മുലയൂട്ടുന്ന അമ്മമാർ | 200 | 9 | 300 | 540000/- |
| ആകെ | | | | 3273000/- |

മതിയായ തുക സാമൂഹ്യക്ഷേമമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യത്തിന് വകയിരുത്താത്തത് വിശദീകരിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.ഭിന്നശേഷിക്കാർക്കുള്ള ധനസഹായത്തിന്റെ കാര്യത്തിലെന്നപോലെ അർഹമായ പ്രാധാന്യം സാമൂഹ്യക്ഷേമമേഖലയിലെ തന്നെ പോഷകാഹാര വിതരണത്തിന് നല്കുന്നതിൽ സ്ഥാപനത്തിന് വന്ന വീഴ്ചയാണ് അപാകതകൾക്ക് കാരണം.പദ്ധതിയ്ക്ക് ആവശ്യമായ തുകയുടെ കൃത്യമായ കണക്ക് നിർവ്വഹണ ഉദ്യോഗസ്ഥയുടെ പക്കലുണ്ടായിരിക്കേ,മതിയായ വിഹിതം ഉറപ്പുവരുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും,എല്ലാത്തിനുമുപരിയായി ഭരണസമിതിക്കും വീഴ്ച വന്നുവെന്നു കാണാം.തുടർ വർഷങ്ങളിൽ

ഇക്കാര്യത്തിന് പ്രഥമപരിഗണനനല്കാൻ മേല്പറഞ്ഞ സംവിധാനങ്ങൾ പ്രത്യേകശ്രദ്ധ നല്കേണ്ടതും, ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

**<u>തൻവർഷത്തെ ബാധ്യത അടുത്ത വർഷത്തെ പുതിയ പ്രൊജക്ടിൽ അനുവദിച്ചു</u>**

പോഷകാഹാര വിതരണത്തിനായുള്ള ഓഡിറ്റ് വർഷത്തെ പ്രൊജക്ട് വകയിരുത്തൽ മതിയാകാത്തതിനാൽ 340520/- രൂപ തൻവർഷം ബാധ്യതയാകുകയും മേൽ തുക അടുത്ത വർഷത്തെ പ്രൊജക്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ട് വിഹിതം മതിയാകാത്ത സാഹചര്യത്തിൽ അധിക തുക വകയിരുത്തി പ്രൊജക്ട് ഭേദഗതി വരുത്തുകയും തൻവർഷം ഫണ്ട് ലഭ്യമാകാത്ത പക്ഷം അടുത്തഎന്നിവയിലെ വർഷം സ്പിൽ ഓവറാക്കി ചെലവ് ചെയ്യുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇത് അടുത്ത വർഷത്തെ പ്രൊജക്ട് ലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അംഗീകരിച്ച ബജറ്റിൽ നിന്നുള്ള വ്യതിചലനവുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്.

## 1-28 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ-ഗാർഹിക കണക്ഷനാക്കി മാറ്റിയില്ല

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

സ്ഥാപനത്തിലെ 29 അങ്കണവാടികൾക്കും ഒരു ശിശുമന്ദിരത്തിനും ഒരു ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനും നിലവിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഗ്യാസ് കണക്ഷൻ ഉണ്ട് . ഇത്തരം സ്ഥാപനങ്ങളുടെ കണക്ഷൻ സബ്സിഡി ലഭിക്കുന്ന ഗാർഹികാവശ്യത്തിലേക്ക് മാറ്റാൻ നിലവിൽ സാധ്യമാണ്.സ്ഥാപനം ഇതിന്റെ സാധ്യത ഇതുവരെ പരിശോധിക്കാത്തത് വീഴ്ചയാണ്. അങ്കണവാടികളിലെ പോഷകാഹാര വിതരണ ചെലവ് ഭാരിച്ചതാകയാൽ പരമാവധി ധനസമാഹരണത്തിന്റെ ഭാഗമായി ഉടനടി ഇവ ഗാർഹിക കണക്ഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ പ്രാഥമിക ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ് സൂപ്പർവൈസറിൽ നിക്ഷിപ്തമാണ്. വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നീ സംവിധാനങ്ങൾ ഇതിൽ പ്രത്യേകശ്രദ്ധ നൽകേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ഭിന്നശേഷിക്കാർക്കുള്ള ധനസഹായം-അർഹർക്കെല്ലാം ലഭിക്കുന്നില്ല- അർഹതപ്പെട്ട നിരക്കിൽ ലഭിക്കുന്നില്ല

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (പ്രൊ നം.104/19) എന്ന പ്രൊജക്ട് പ്രകാരം ഓഡിറ്റ് വർഷത്തിൽ 8ലക്ഷം രൂപ വകയിരുത്തുകയും 778000/-രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതിൽ 4ലക്ഷം രൂപ ഗ്രാമപഞ്ചായത്തും 2ലക്ഷം രൂപ വീതം ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളുമാണ് വഹിക്കുന്നത്.രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിലെ അർഹരായ എല്ലാവർക്കും ധനസഹായം നല്കാൻ കഴിഞ്ഞിട്ടില്ലെന്നും സഹായം ലഭിച്ചവർക്ക് തന്നെ അർഹമായ തുക മുഴുവൻ ലഭിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം സ.ഉ(കൈ)നം.22/2018/തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ഒരു വർഷം കുറഞ്ഞത് 28500/-രൂപയ്ക്ക് അർഹതയുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഇത് 5300/-രൂപയാണ്. എന്നാൽ സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളും ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിൽ വരുന്നവരായ 18വയസ്സിന് മുകളിലുള്ളവരും കൂടിയുള്ള 58പേർക്ക് 12000/-രൂപ നിരക്കിൽ ധനസഹായം നല്കുകയാണ് ചെയ്തിരിക്കുന്നത്. ഇതിൽ തന്നെ ധനസഹായം കിട്ടാത്തവരും ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മാനസിക വൈകല്യം ബാധിച്ചവർ

108പേരും ശാരീരിക വൈകല്യമുള്ളവർ 394 പേരും സ്ഥാപനത്തിലുണ്ട്. ഇതിൽ ധനസഹായത്തിന് അർഹരായവർ എത്രയെന്ന കണക്ക് ഈ റിപ്പോർട്ടിലോ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശമോ ലഭ്യമല്ല. അർഹരായവർക്കെല്ലാം അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാത്തതിന് കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി മാത്രമേ മറ്റ് ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകൾ തുക വകയിരുത്തുവെന്നതിനാൽ സ്ഥാപനം തുക വകയിരുത്തിയത് കുറഞ്ഞത് മറ്റ് സ്ഥാപനങ്ങളിൽ നിന്നും മേൽ വിഭാഗത്തിന് ലഭ്യമാകുന്ന തുക നഷ്ടപ്പെടുത്താൻ കാരണമായിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് പ്രഥമപരിഗണനനല്കുന്നതിൽ സ്ഥാപനത്തിന് വീഴ്ചവന്നതാണ് അപാകതയ്ക്ക് കാരണമെന്ന് കാണാം. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനൊപ്പം ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും,ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കും ഇതിൽ ഉത്തരവാദിത്വമുണ്ട്. സ്ഥാപനത്തിൽ ധനസഹായത്തിന് അർഹരായവരുടെ വ്യക്തമായ വിവരശേഖരണം നടത്തി മതിയായ വിഹിതം ഇവർക്കായി വകയിരുത്തേണ്ടതും,അതോടൊപ്പം ബ്ലോക്ക്,ജില്ലാപഞ്ചായത്തുകളിൽ നിന്നും ആനുപാതികമമായ വിഹിതം നേടിയെടുക്കേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും,വർക്കിംഗ് ഗ്രൂപ്പ് , ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,ഗ്രാമപഞ്ചായത്ത് ഭരണസമിതി എന്നീ സംവിധാനങ്ങൾ മതിയായ ഇടപെടൽ നടത്തേണ്ടതുമാണ്. തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-30 പാലിയേറ്റീവ് പരിചരണം-മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ- 113/19

നിർവ്വഹണം – മെഡിക്കൽ ഓഫീസർ

വകയിരുത്തിയ തുക- 500000

ചെലവുതുക- 496680

പാലിയേറ്റീവ് പരിചരണത്തിനായി വകയിരുത്തിയ തുകയിൽനിന്നും അടിയന്തിര പരിചരണം ആവശ്യമുള്ള രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി ബിൽനമ്പർ 18/18-19 തി.7.2-19പ്രകാരം 50000 രൂപ മെഡിക്കൽ ഓഫീസർ പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം അടവാക്കിയ തുകക്ക് വിവിധ ഘട്ടങ്ങളായി 33711 രൂപയുടെ ഉപകരണങ്ങൾ മാത്രമെ സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ളു. അവശേഷിക്കുന്ന 16289 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്.ഉപകരണങ്ങൾ ലഭ്യമാകാൻ അവശേഷിക്കുന്ന 16289 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-31 സ്കൂളിന് ഫർണ്ണിച്ചർ നല്കിയത്-സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആവശ്യമില്ലാത്തത്.

നിർവ്വഹണം - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം-142/19-സ്കൂളുകൾക്ക് ഫർണ്ണിച്ചർ നല്കൽ

അടങ്കൽ- 1,16,000/-

ചെലവ് തുക-115569/- ബിൽ നം-2/15.11.18

സ്ഥാപനത്തിന് കീഴിലുള്ള സർക്കാർ സ്കൂളുകൾക്ക് ബെഞ്ചും ഡെസ്കും ഉൾപ്പടെയുള്ള ഫർണ്ണിച്ചർ നല്കുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്.പ്രൊജക്ട് പ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകളിൽ താഴെ പറയുന്നവ അരമ്പോൽ ഗവ.L Pസ്കൂളിന് നല്കിയിട്ടുണ്ട്.

| | |
|---|---|
| ബെഞ്ച് | 5 |

| | |
|---|---|
| ഡെസ്ക് | 5 |
| സ്റ്റീൽ ടേബിൾ | 1 |
| ഫൈബർ ചെയർ | 5 |

മേല്പറഞ്ഞത് കൂടാതെ 2019-20 വർഷത്തിലും ഇതേ സ്കൂളിന് 5വീതം ഡെസ്കും ബെഞ്ചും നല്കിയിട്ടുണ്ട്(പ്രൊ നം 216/20) എന്നാൽ 2018-19 വർഷത്തെ വിദ്യാഭ്യാസ മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഭൗതിക സൗകര്യങ്ങൾ പ്രതിപാദിക്കുന്നിടത്ത് ഈ സ്കൂളിന് ഫർണ്ണിച്ചർ മതിയായ തോതിൽ ഉണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റ് മൂന്ന് സ്കൂളുകൾക്ക് മതിയായവ ഇല്ലെന്ന് സ്റ്റാറ്റസ് റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ടെങ്കിലും മേൽ സ്കൂളിന് ലഭിച്ചതിന്റെ പകുതി മാത്രമാണ് അവയ്ക്കെല്ലാം കൂടി നല്കിയത്. സ്റ്റാറ്റസ് റിപ്പോർട്ട് വെളിവാക്കുന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയാണ് പ്രൊജക്ട് രൂപീകരിക്കേണ്ടതെന്നിരിക്കെ ഫർണ്ണിച്ചർ ആവശ്യമില്ലാത്ത സ്ഥാപനത്തെ കൂടി പരിഗണിച്ച് തുക വകയിരുത്തി പ്രൊജക്ട് നടപ്പാക്കിയതെന്തുകൊണ്ടെന്നും, ഇതേ സ്ഥാപനത്തിന് പകുതിയോളം ഫർണ്ണിച്ചർ നല്കിയതെന്തെന്നും വിശദമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് വസ്തുതാപരമല്ല എന്നതിലേക്കോ,പ്രൊജക്ട് തയ്യാറാക്കുന്നത് സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയല്ല എന്നതിലേക്കോ ആണ് അപാകത വിരൽ ചൂണ്ടുന്നത്. നിർവ്വഹണഉദ്യോഗസ്ഥനോടൊപ്പം വർക്കിംഗ് ഗ്രൂപ്പ് ,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർക്കും അപാകതയിൽ ഉത്തരവാദിത്വമുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.കൂടാതെ അപാകതയ്ക്കുള്ള കാരണം വിശദമാക്കേണ്ടതും ,സ്റ്റാറ്റസ് റിപ്പോർട്ടിലാണ് പ്രശ്നമെങ്കിൽ ഇത് പരിഹരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-32 തുല്യതാ പഠനത്തിന് ഫീസ് ഇനത്തിൽ തുക നല്കിയത് തുടർ നിരീക്ഷണമില്ല

നിർവ്വഹണം - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം-90/19-തുല്യതാ പഠനം പഠിതാക്കളുടെ ഫീസ് നല്കൽ

ചെലവ് തുക-70200/-- ബിൽ നം-4/11.1.19 36750/-

ബിൽ നം-3/26.12.18- 33,450/-

തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി പഠിതാക്കളുടെ SSLC,Plus 1 എന്നിവയുടെ തുല്യതയ്ക്കായുള്ള കോഴ്സുകളുടെ ഫീസ് ഒടുക്കുന്നതിനുള്ളതാണ് പ്രൊജക്ട്. SSLC യ്ക്കുള്ള 36പഠിതാക്കളുടെ ഫീസിനത്തിൽ 1950/-രൂപ നിരക്കിൽ 70200/-രൂപയും Plus 1 നുള്ള 21പഠിതാക്കളുടെ ഫീസിനത്തിൽ 1750/-രൂപ നിരക്കിൽ 36750/-രൂപയുമാണ് പ്രൊജക്ട പ്രകാരം നല്കിയിരിക്കുന്നത്.എന്നാൽ ഫീസ് ഒടുക്കിയതല്ലാതെ ഈ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ച് തുല്യത നേടിയോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ,മോണിറ്ററിംഗ് കമ്മിറ്റിയോ പരിശോധിച്ചിട്ടില്ല.സാക്ഷരതാ പ്രേരക്കിനോട് അന്വേഷിച്ചതിൽ ഇരു വിഭാഗത്തിലുമായി ഇനിയും പഠിതാക്കൾ കോഴ്സ് പൂർത്തീകരക്കാനുണ്ടെന്ന് വ്യക്തമാക്കികിയിട്ടുണ്ട്.കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ പ്രൊജക്ട് രേഖകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ,അംഗീകരിച്ച ലിസ്റ്റ് എന്നിവ ഉൾപ്പെട്ടിട്ടില്ല.ഒരു പ്രൊജക്ടിന്റെ ആവശ്യകത മുതൽ നിർവ്വഹണം പൂർത്തീകരിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളുടേയും രേഖകൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഫയലായല്ല പ്രൊജക്ട് രേഖകൾ സൂക്ഷിച്ചിരിക്കുന്നത്.ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും,ഹാജരാക്കാത്ത മേൽ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. കൂടാതെ തുക ചെലവഴിച്ചതല്ലാതെ പ്രൊജക്ടിന്റെ ഫലപ്രാപ്തി നിരീക്ഷിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥനും,മോണിറ്ററിംഗ് സമിതിയും,എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തേണ്ട ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരം നൽകേണ്ടതും, ഇക്കാര്യത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട്, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-33 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കുമുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാനവശേഷിക്കുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ 04.10.2019 മുതൽ ലഭിച്ച അപേക്ഷകളിൽ 135 എണ്ണത്തിന് നാളിതുവരെ തീരുമാനം കൈക്കൊണ്ടു കാണുന്നില്ല. മിക്ക അപേക്ഷകളും അന്വേഷണത്തിന് കൈമാറി എന്ന് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്.

വികലാംഗ പെൻഷൻ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന അപേക്ഷകളിൽ നാളിതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| 1 | അഖിൽ. കെ, കാവോട്ട് വീട് | 04.08.2018 |
| 2 | മജീദ്. ഇ. കെ, എടച്ചേരിക്കണ്ടി വീട് | 09.05.2018 |
| 3 | മാതു കാപ്പുമ്മൽ, കുറിച്ചകം | 16.05.2018 |

വിധവാ പെൻഷൻ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ 26.02.2019 ന് ശേഷം 20.06.2020 വരെ വഭിച്ച 20 അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ 09.12.2019 ന് ശേഷം ലഭിച്ച 8 അപേക്ഷകൾ നാളിതുവരെ തീരുമാനം കൈക്കൊണ്ടതായി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

**തൊഴിൽരഹിത വേതനം - പ്രായ പരിധി പിന്നിട്ടിട്ടും ധനസഹായം തുടർന്നു.**

ശ്രീമതി. സീമ പുത്തൻപുരയിൽ (റോൾ നം. 383/2007)എന്നവരുടെ ജനനതിയതി 30.04.1983 ആണ്. ഇത് പ്രകാരം 03/2018 വരെയേ ടിയാരിക്ക് വേതനത്തിന് അർഹതയുള്ളൂ. എന്നാൽ ടിയാരിക്ക് 09/2018 വരെ വേതനം അനുവദിച്ചതായി കാണുന്നു. പ്രായപരിധി കഴിഞ്ഞ് അധികമായി അനുവദിച്ച 6 മാസത്തെ വേതനം 720/- രൂപ തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-34 യാത്രാ ക്ലയിം സമർപ്പിക്കാതെ ജീവനക്കാർക്ക് യാത്രാപ്പടി അനുവദിക്കുന്നു

സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ജീവനക്കാർക്കുള്ള യാത്രാപ്പടി ഇനത്തിൽ വൗച്ചർ നമ്പർ 21801445 തി 31.3.2019പ്രകാരം 1/18 മുതൽ 9/18 വരെയുള്ള യാത്രാപ്പടി ഇനത്തിൽ 83066 രൂപ വിതരണം ചെയ്തിട്ടുണ്ട്.കേരള ഫിനാൻഷ്യൽ കോഡ് , ആർട്ടിക്കിൾ53(ബി)(6) പ്രകാരം യാത്രനടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം 1ാം തിയ്യതി മുതൽ ഒരു വർഷത്തിനകം ജീവനക്കാരൻ യാത്രപ്പടിക്കുള്ള ക്ലെയിം സമർപ്പിച്ചിരിക്കണം. എന്നാൽ ജീവനക്കാരിൽ നിന്നും യാത്രനടത്തിയതിനുള്ള ക്ലെയിം ലഭ്യമാക്കാതെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് യാത്രാപ്പടി അനുവദിച്ചിരിക്കുന്നത്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-35 ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014

മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വേളം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 2018-19 വർഷത്തിൽ 1 ഗഡു ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 1 ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 4 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിലായും പണമായും ലഭിച്ചവരുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 കുടിവെള്ളപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വികസന രേഖ പ്രകാരം പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നമായി പറഞ്ഞിരിക്കുന്നത് കുടിവെള്ള ക്ഷാമമാണ്. ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമത്തിന്റെ യഥാർത്ഥ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുന്നതിനായി ഒരു പ്രത്യേക ഏജൻസിയെ ഉപയോഗിച്ച് പഠനം നടത്തുകയാണ് ആദ്യം വേണ്ടതെന്നും പരാമർശിക്കുന്നു. വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ എല്ലാ വീടുകൾക്കും പൈപ്പ് കണക്ഷൻ നൽകുക, അല്ലെങ്കിൽ വിദഗ്ധൻമാരുടെ സഹായത്തോടെ ജലം ലഭിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ നിർമ്മിക്കുക, ഉപഭോക്താക്കളുടെ എണ്ണം കുറച്ച് കൊണ്ട് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് നിർദ്ദേശങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നത്.

28.03.2019 ലെ ഭരണസമിതി തീരുമാനം 1, 2 എന്നിവയിലും ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും കുടിവെള്ളക്ഷാമത്തെക്കുറിച്ചും, കുടിവെള്ള വിതരണം ചെയ്യേണ്ടതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. 2018-19 അസി. എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായിട്ടുള്ള പൊതുമരാമത്ത് പദ്ധതികളിൽ കുടിവെള്ള പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ രേഖ 2018-19 പരിശോധിച്ചതിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട മേഖലയിൽ നേരിടുന്ന വെല്ലുവിളികളെപ്പറ്റിയോ നിലവിലെ അവസ്ഥയെപ്പറ്റിയോ രേഖപ്പെടുത്തലുകൾ ഒന്നുമില്ല. വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട് (സ.ഉ.11/2018/ത.സ്വ.ഭ.വ തീ. 29.01.2018ഖ. 3.1.2(സി)(1)). ഇതേ ഉത്തരവ് ഖണ്ഡിക 3.1.2.(സി) യിൽ (i) മുതൽ (iii) വരെ, അവസ്ഥാരേഖ എപ്രകാരമായിരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അവസ്ഥാരേഖ ഇത്തരത്തിൽ ഓരോ മേഖലയിലെയും പ്രശ്നങ്ങളും, പ്രശ്ന പരിഹാര നിർദ്ദേശങ്ങളും വികസന പരിപ്രേക്ഷ്യങ്ങളും ഉൾപ്പെടുത്തി കൃത്യമായി പരിഷ്കരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഇതേ ഉത്തരവ് ഖണ്ഡിക 2.3 ൽ പദ്ധതി തയ്യാറാക്കേണ്ടതിന്റെ പൊതുവ്യവസ്ഥകൾ വിവരിക്കുന്നു. ഇതിൽ നിർദ്ദേശം 6,7 എന്നിവയിൽ, തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഇത്തരത്തിൽ ഓരോ മേഖലയിലും നേരിടുന്ന പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കാതിരുന്നതിന് വിശദീകരണം നൽകുന്നതിനും കുടിവെള്ളക്ഷാമം നേരിടുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

വികസനരേഖയിൽ പരാമർശിച്ചത് പ്രകാരം, ഒരു ഏജൻസിയെ വച്ച് പഠനം നടത്തി ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി കുടിവെള്ള പദ്ധതികൾ നടപ്പാക്കിയോ, പൈപ്പ് ലൈൻ കണക്ഷൻ നൽകിയോ ഉചിതമായ രീതിയിൽ പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 രാജീവ് ദശലക്ഷം കോളനി - മലനട്ടുവിൽ റോഡ് കരാറുകാരന് അധികം തുക നൽകി

പ്രൊജക്റ്റ് നം. : 254/19

പ്രൊജക്റ്റ് : രാജീവ് ദശലക്ഷം കോളനി - മലനട്ടുവിൽ റോഡ്

അടങ്കൽ : 4,32,400/-(വികസനഫണ്ട്(ജനറൽ)43,400/-,മെയിന്റനൻസ് ഗ്രാന്റ് റോഡ് 3,89,000/-)

ചെലവ് : 423569/-(34569/-(ബിൽ നം. ), 3,89,000/-(37/18-19 തീ. 31.12.2018) )

നിർവ്വഹണം : അസി. എഞ്ചിനീയർ

എഗ്രിമെന്റ് നം. : 38/AE/18-19 തീ. 22.10.2018

കരാറുകാരൻ : ശ്രീ. ശ്വേതിൻ ജെ. അശോക്

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് പ്രളയത്തിൽ തകർന്ന പോയതാണ്. റോഡിന്റെ 79 മീറ്റർ(ചെയിനേജ് 0/200 മുതൽ 0/215 വരെയും, 0/227 മുതൽ 0/291 വരെയും) സബ് ഗ്രേഡ് നിർമ്മാണത്തിനും, റോഡിന്റെ മധ്യഭാഗത്ത് 12മീറ്റർ(ചെയിനേജ് 0/215 മുതൽ 0/227 വരെ) നീളം കരിങ്കല്ല് പാകിയ ഭാഗത്തിന്റെ ഉപരിതലവും ക്വാറി മക്ക് ഇട്ട് ഉറപ്പിച്ച ഭാഗവും ചേർത്ത് 91 മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് പ്രവൃത്തി. ഇതിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിൽ എംബുക്കിൽ(141/18-19, പേജ് 6, പേജ് 8) അളവ് രേഖപ്പെടുത്തിയതിൽ (കണക്ക് കൂട്ടി എഴുതിയതിൽ) വന്ന പിഴവ് കാരണം കരാറുകാരന് 3368/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എം ബുക്ക് പ്രകാരം | | | യഥാർത്ഥത്തിൽ | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | അളവ് | നിരക്ക് | ആകെ | അളവ് | നിരക്ക് | ആകെ | |
| 11.4.3.1 concrete for plain/reinforced | 46.13 | 8020 | 369962.60 | 45.71 | 8020 | 366594.20 | 3368.40 |

| | | | | | | | |
|---|---|---|---|---|---|---|---|
| concrete in open foundation | എം$^3$ | | | എം$^3$ | | | |

അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ലൈഫ് ഭവനപദ്ധതി-ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് അർഹമായതിലും കൂടുതൽ തുക നൽകി

പ്രോജക്റ്റ് നമ്പർ- 107/18-19

പേര്- ലൈഫ് ഭവനപദ്ധതി -പട്ടികജാതിക്കാർക്ക്

വകയിരുത്തിയ തുക- 5648046

ചെലവുതുക- 880000 (ബിൽ നമ്പർ 9/18-19 തി20.8.18 -120000

ബിൽ നമ്പർ – 12/18-19 തി 17.9.18-80000

ബിൽ നമ്പർ – 13/18-19 തി12.10.18-160000

ചെക്ക് നമ്പർ – 1731402 തി 30.1.19 -200000

ചെക്കക്ക നമ്പർ 13481- തി 30.3.19 -320000

പട്ടികജാതിക്കാർക്കുള്ള ലൈഫ് ഭവനപദ്ധതിയിൽ പെട്ട ഗുണഭോക്താക്കളിൽ ഒരാളായ വാർഡ് 2ൽ പെട്ട ശോഭ w/o രാജൻ മൊട്ടേമ്മൽ, ചേരാപുരം എന്ന ഗുണഭോക്താവിന് വിവിധ ഗഡുക്കൾ നൽകിയത് പരിശോധിച്ചതിൽ ടിയാൾക്ക് അർഹമായതിലും കൂടുതൽ തുക അനുവദിച്ചുകാണുന്നു.സ.ഉ.നമ്പർ 22/18. ത.സ്വ.ഭ.വ തിരുവനന്തപുരം തി.14.2.18 ഖണ്ഡിക 6.7 പ്രകാരം എല്ലാവിഭാഗക്കാർക്കും വീടിന് 400000 രൂപയാണ് അനുവദിക്കാവുന്ന തുക. എന്നാൽ മേൽ ഗുണഭോക്താവിന് ആകെ 560000 രൂപ അനുവദിച്ചിരിക്കുന്നു. ഗുണഭോക്താവ് കൈപറ്റിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| കൈപറ്റിയ ഗഡുക്കൾ | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1-ഗഡു | 20.8.18 | 40000 | |
| 2 -ഗഡു | 12.10.18 | 160000 | പദ്ധതി വിഹിതത്തിൽ നിന്നും 2ാം ഗഡുവായി അനുവദിച്ച തുക രജിസ്റ്ററിൽ ചേർത്തിട്ടില്ല.12.10.2018 ൽ ടിയാളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് |
| 2.ഗഡു | 30.3.19 | 160000 | ഹഡ്കോ ലോണിൽ നിന്നും 30.3.19ന് ട്രാൻസ്ഫർ ചെയ്ത തുക രജിസ്റ്ററിൽ ചേർത്തു |

| | | | |
|---|---|---|---|
| 3.ഗഡു | 4.11.19 | 60000 | |
| 4 -ഗഡു | 12-11-19 | 40000 | |
| 5 ഗഡു | 9.3.20 | 100000 | |
| ആകെ | | 560000 | |

12.10.2018 ൽ ബിൽ നമ്പർ 13/18-19 തി 12.10.2018 പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 2ാം ഗഡുവായി ഗുണഭോക്താവിന്റെ എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയതാണ് വീണ്ടും 30.3.2019 ൽ രണ്ടാം ഗഡുവായി 160000 രൂപ അനർഹമായി അനുവദിക്കാൻ ഇടയായത്.ഭവനനിർമ്മാണത്തിന് ഗഡുക്കൾ അനുവദിക്കുമ്പോൾ വി.ഇ.ഒ ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ മറ്റൊരു വിധത്തിലും ആയത് നിരീക്ഷിക്കാനുള്ള സംവിധാനം ഓഫീസിൽ ലഭ്യമല്ല. ഒരു ഗുണഭോക്താവിന്റെ ആവശ്യമായ രേഖകൾ മുതൽ മുഴുവൻ ഗഡുക്കളും നൽകുന്ന വിവരം ഒറ്റ ഫയലായി സൂക്ഷിക്കാൻ സംവിധാനം നിലവിൽ ഇല്ലാത്തത് അപാകതക്ക് കാരണമായി. അധികം നൽകിയ 160000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09.07.2019-10.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ.2 /887/2019(69)തി. 01.08.2019. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2018-19 | 945000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 940916 | 4084 |
| | 2018-19 | 2530000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 2530000 | 0 |
| | 2018-19 | 200000 | ലൈഫ് ഭവനപദ്ധതി-എസ്സ്.സി | 200000 | 0 |
| | 2018-19 | 400000 | മാനസിക വൈകല്ല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 500000 | 0 |
| | 2018-19 | 200000 | മാനസിക വൈകല്ല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 100000 | പാലിയേറ്റീവ് പരിചരണം | 67760 | 32240 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമാക്കിയിട്ടില്ല | 750000 | 598737 | 151263 |
| KYIP | പാലം നിർമ്മാണം | ലഭ്യമാക്കിയിട്ടില്ല | 215000 | - | 215000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ/സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | എസ്.ഇ.യു.എഫ് | ഗോബർദ്ധൻ | 013599/15.3.2019 | 280000 | -- | 280000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20467522/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് | | | 213600 | 213600 | 0 | 0 |
| ലൈഫ് ഭവനപദ്ധതി വായ്പ | | 20467522 | 20467522 | 0 | 0 | 20467522 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

**സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1802512 |
| തൻവർഷം നിക്ഷേപിച്ച തുക | 629780 |
| ആകെ | 2432292 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2432292 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി ബേങ്ക്-കുറ്റ്യാടി | | 1 | 1932292 | |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് തീക്കുനി | | | 500000 | |
| ആകെ | | | | 2432292 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 17749/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | എ.ജി ഓഡിറ്റ് | 17749 | ശ്രീ.കരീം എം മംഗോത്ത് | 118010104600/14.01.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2003-04 | 11.13.7.2 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 1999-2000 | - | 2003-04 | 11.14 | തൊഴിൽനികുതി കാലഹരണം | പരാമർശം തുടരുന്നു |
| 2000-01 | 2-1 | 2004-05 | 11.1.1.1 | ക്യാഷ്ബുക്ക്, വരവ്/ചെലവ് രജിസ്റ്റർ സൂക്ഷിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01 | - | 2004-05 | 11.1.3.5 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2000-01&2001-02 | 8,7 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം തുടരുന്നു |
| 2001-02 | 10 | 2004-05 | 11.1.5.3 | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് | പരാമർശം തുടരുന്നു |
| - | - | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത് കണക്കുകൾ | പരാമർശം തുടരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99823933/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87437484/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 163368/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 153789/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3368/- | ശ്രീമതി ഷൈമ എ<br>അസി.എഞ്ചിനീയർ |
| 3-2 | | 160000/- | ശ്രീ.റഫീഖ് എൻ.കെ<br>വി.ഇ.ഒ |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 75000/- | ശ്രീ.റഫീഖ് എൻ.കെ,വി.ഇ.ഒ |
| 1-24 | 62500/- | ഡോ.ഷൈന പി.കെ വെറ്റിനറി സർജൻ |
| 1-30 | 16289/- | ഡോ.രമ്യ.പി.എസ്<br>മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.റഫീഖ് എൻ.കെ<br>വി.ഇ.ഒ | വി.ഇ.ഒ,വേളം ഗ്രാമ പഞ്ചായത്ത് | നന്മനക്കണ്ടി<br>പേരാമ്പ്ര പി.ഒ |
| ശ്രീമതി ഷൈമ എ<br>അസി.എഞ്ചിനീയർ | ലഭ്യമല്ല | ഷംന മൻസിൽ<br>ചവറ,കൊല്ലം |
| ഡോ.ഷൈന പി.കെ<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,വേളം ഗ്രാമ പഞ്ചായത്ത് | ശാന്തി നിലയം,പേരോട് പി.ഒ , നാദാപുരം |
| ഡോ.രമ്യ.പി.എസ്.<br>മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി,വേളം ഗ്രാമ പഞ്ചായത്ത് | പ്രയാഗ് 14/8, എസ്.ബി.ഐ പാവങ്ങാട് ബ്രാഞ്ചിന് സമീപം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91&1991-92 | എൽ.എഫ് /കെകെഡി /പി6/835/2013/19.06.2013 | 1 | 15 |
| 1994-95&1995-96 | എൽ.എഫ് /കെകെഡി /പി6/280/2010/19.08.2010 | 2 | 11,20 |
| 2003-04 | എൽ.എഫ് /കെകെഡി /പി6/357/2009/01.04.2009 | 1 | 3-18 |
| 2004-05 | എൽ.എഫ് /കെകെഡി /പി6/835/2013(2) /19.06.2013 | 9 | 2-1,2-4,2-5,3-3, 3-4,3-5,3-6,3-9, 3-11 |
| 2005-06 | കെ.എസ്.എ /കെകെഡി /പി6/2240 /2017/21.05.2018 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2006- | കെ.എസ്.എ.കെ.കെ.ഡി/ | 4 | 2-5(2),3-11,3-15, |

| | | | |
|---|---|---|---|
| 07 | പി6/2240/2017/21.05.2018 | | 3-16 |
| 2007-08 | കെ.എസ്.എ /കെകെഡി /പി6/2240 /2017/21.05.2018 | 9 | 3-1 മുതൽ 3-8 വരെ, 3-15 |
| 2008-09 | എൽ.എഫ് /കെകെഡി /പി6/1791/2012/15.04.2013 | 8 | 3-2,3-3,3-4,3-5, 3-7,4-3,4-6,4-7 |
| 2009-10 | കെ.എസ്.എ /കെകെഡി /പി6/2240 /2017/21.05.2018 | 2 | 3-2,3-3 |
| 2010-11&2011-12 | കെ.എസ്.എ /കെകെഡി /പി6/271/2018/25.04.2018 | 17 | 2-1,2-2(1-3),2-6, 3-1,3-3,3-4(1,4)3-9, 3-11,3-12,3-12(4,5), 3-13,3-15,3-16,3-17, 3-20,3-21,3-22 |
| 2012-13&2013-14 | കെ.എസ്.എ/കെ.കെ.ഡി /പി6/560/16/07.04.2016 | 5 | 2-1,2-2,3-1,3-7,3-11 |
| 2014-15 | കെ.എസ്.എ /കെകെഡി /പി6/27/2018/24.01.2018 | 6 | 2-1,3-1,3-7,3-8, 3-9,4-9 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി6/2037/2016 | 12 | 2-1(1-3),2-3,2-4, 2-5,3-1,3-2,3-3, 3-4,3-5(1-2),3-6, 3-7,3-9 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി /പി6/26/2018/20.02.2018 | 21 | 2-1(2),2-1(8),2-2, 2-3,2-4,2-5,3-2,3-3, 3-4,3-5,3-7,3-11,3-12, 3-14,3-15,3-16,3-17, 3-19,3-20,3-21,3-22,4-9 |
| 2017-18 | കെ.എസ്.എ /കെകെഡി /പി6/455/2019/10.05.2019 | 24 | 1-12(1,2,32,4,6,7),2-1, 2-2,2-3,2-4,2-5,3-1 മുതൽ 3-6 വരെ,3-7,3-8,3-9(3), |

| | | | |
|---|---|---|---|
| | | | 3-9(5),3-9(6),3-9(7), 3-9(8) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

നം:കെ.എസ്.എ.കെ.കെ.ഡി.പി 7/829/2020 തിയ്യതി:14.09.2020

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വേളം ഗ്രാമപഞ്ചായത്തിന്റെ 2019-20** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.